# The Prabuddha Keralam.

Vol. XV

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
VINKIL
10638
17.1024

# പ്രബുദ്ധകേരളം.

ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാൻ നിബോധത!

പതിനഞ്ചാം വാല്യം.

ശ്രീ യോഗാനന്ദാശ്രമം,

ആലപ്പുഴ—തിരുവിതാംകൂർ.

൧൧൦൩.

വരിസംഖ്യ മുൻകൂർ. ഒരു കൊല്ലത്തേയ്ക്കു് രൂ. ൨.

ഒററപ്രതിക്കു്. അണ ൩.

# പ്രബുദ്ധകേരളം.

## ൧൫-ാം വാല്യം.

## വിഷയാനുക്രമണിക.

———:o:———

Address Presented to Sri Swami Nirmalanandajee ൪൪൪
അംബാഗീതം ... ൨൧൭
ഒരു ശിഷ്യന്റെ ഡയറി ൧൨, ൪൬, ൧൦൪, ൨൩൬, ൨൭൪
കർമ്മം ... ൧൫൪, ൧൯൦, ൨൩൧
കർമ്മയോഗം ൧൭, ൫൮, ൧൭൨, ൨൦൩, ൨൫൪
കീർത്തനം ... ൧൪൨
ക്രൈസ്തവഭക്തചരിതങ്ങൾ ... ൫൫, ൩൩൦
ഗീതാതത്വം—ജ്ഞാനയോഗം ൩൫൪, ൩൮൮
ജന്മതിഥികൾ ... ൧൦൮, ൧൪൫, ൧൯
ത്രിലോകനാഥൻ ... ൪൦൩
നാനാവാർത്ത ... ൨൨൧, ൨൬൦, ൨൯൬, ൩൬൭
നിംബാർക്കാചാര്യൻ ... ൩൩൯
നമ്മുടെ താൽക്കാലിക ധനസ്ഥിതിയും ഹിന്ദുധർമ്മോദ്ധാരണവും ൬൯, ൧൩൮, ൧൭൦, ൨൪൮
പുസ്തകാഭിപ്രായം ൩൪, ൧൦൮, ൧൪൩, ൨൧൮, ൩൬൬, ൪൪൧
ശ്രീമത് പ്രേമാനന്ദസ്വാമികളുടെ കത്ത് ൧൨൪
ശ്രീ ബുദ്ധദേവന്റെ ദിനചര്യ ... ൪൩൮
ശ്രീ ബ്രഹ്മാനന്ദസ്വാമികളുടെ ഉപദേശങ്ങൾ ൧൩൨, ൧൫൧
ഭക്തനാമകീർത്തനമാഹാത്മ്യവും അതിന്റെ രീതിയും ൨൬
ഭക്തിരഹസ്യം ൨൪൦, ൨൮൨, ൩൧൦, ൩൪൬, ൩൭൧
ഭവിഷ്യദ്ധർമ്മം ... ൩൫൦
ശ്രീ ഭാൻദാസചരിതം ... ൩൮൨, ൪൨൧
രാങ്കായും വാങ്കായും ... ൨൧൪
രാജയോഗം ... ൬൮
രാമകൃഷ്ണഗീതം ... ൩൨൭
ശ്രീരാമകൃഷ്ണദേവൻ തന്നെക്കുറിച്ചുതന്നെ ൫൦
ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി... ൨, ൩൮, ൭൪, ൧൧൦, ൧൪൭, ൧൮൬, ൨൨൫, ൨൬൧, ൨൯൮, ൩൩൪, ൩൭൧, ൪൦൮

ശ്രീരാമകൃഷ്ണന്റെ ധമ്മസമന്വയം ... ർ൧വ്യ
ശ്രീരാമകൃഷ്ണദേവനും വിവേകാനന്ദസ്വാമിയും വവ്യന്ന
ശ്രീരാമകൃഷ്ണദേവന്റെ ശിഷ്യവാത്സല്യം വ്യന്ന
ശ്രീരാമകൃഷ്ണ ലീലാപ്രസംഗം ... ന ന്ന റ , നൻവ്യ, ർവ൧
ശ്രീരാമകൃഷ്ണസ്തുതി ... വന്ന൦
ശ്രീരാമകൃഷ്ണോപദേശം ൧, ന൧, ൬ന, ൧൦ൻ, ൧ർന്ന, ൧വ്യ൫, വവർ
ശ്രീ രാമാനുജചരിതം ... ന്നവ, ൧വ൫, ൧ന്നർ, വ൦൧,
വന്ന൭, ന൦൧, നനന്ന, നൻവ
ശ്രീ വിവേകാനന്ദചരിതം റ൧, ൻ൧, ൧ൻന്ന, ന൧ന, ർന൧
വിവേകാനന്ദമിഷന്റെ പ്രഥമസമ്മേളനം ന൧ന്ന
ശ്രീ ശങ്കരന്റെ ജീവിതവൃത്താന്തം ... വൻ
ശ്രീ ശാണ്ഡില്യകൃതഭക്തിസൂത്രം ... വ്യ, ർർ൧, ൧൦൧, ൧൦വ്യ, ൧൫ൻ
ശ്രീ ശാരദാനന്ദസ്മരണകൾ ... വ൦ൻ
ശിവസ്തുതി ... വൻ൧, നനന, ന൧൦
ശിവസ്വരൂപം ... വ്യ൦
ശ്രീമത് ശിവാനന്ദസ്വാമികളുടെ കത്തു് റ൧ന്ന, നവവ്യ
ശ്രീ മാതൃദേവി ... വർവ
സംഘവാത്ത ... വവ൦, ർ൦൫
ഹരിദാസസ്വാമികൾ ... ന൫൧

# The Prabuddha Keralam.

SRI KRISHNA V[illegible]OM GRANDHASALA TRIVAND[illegible]

# പ്രബുദ്ധകേരളം.

വിവേകനിമ്മലാനന്ദജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം"രാമകൃഷ്ണോ രക്ഷതുസവ്വദാ.

വാല്യം ൧൫ } ൧൧൦൫ തുലാം { ലക്കം ൧

ശ്രീ

## ശ്രീരാമകൃഷ്ണോപദേശം.

### ധമ്മത്തെ അധികരിച്ചുള്ള പ്രസംഗം.

അന്യനെ കൊല്ലുന്നതിനു വാളും പരിചയും ആവശ്യമാണു്. എന്നാൽ ആത്മഹത്തിക്കു ഒരു മൊട്ടുസൂചിപോലും മതിയാകും. അതുപോലെ ലോകശിക്ഷകനു അനേക ശാസ്ത്രങ്ങൾ പഠിക്കയും യുക്തിവാദങ്ങൾ ചെയ്കയും വേണ്ടിയിരിക്കുന്നു. ധമ്മലാഭത്തിനാകട്ടെ ഗുരൂപദേശത്തിലുള്ള സ്ഥിരവിശ്വാസം ഒന്നുമാത്രംമതി.

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

രണ്ടാംഭാഗം—ഇരുപത്തൊന്നാംഖണ്ഡം.

---

## അദ്ധ്യായം ൨.

(അവതാരം ഇപ്പോളില്ലയോ?)

ഗൃഹനായകൻ വന്നു് ഭഗവാനെ പ്രണമിച്ചു. ആയാൾ മാർവാറിഭക്തൻ, ഭഗവാനോടു വലിയഭക്തി. പണ്ഡിതന്റെ പുത്രൻ ഇരിക്കുന്നുണ്ടു്. ഭഗവാൻ ചോദിച്ചു:—പാണിനിവ്യാകരണം ഈദേശങ്ങളിൽ പഠിക്കാറുണ്ടോ?

മാസ്റ്റർ:—ഉവ്വ്; പാണിനീയമല്ലേ?

ശ്രീരാമകൃഷ്ണദേവൻ:—ഉവ്വ്; ന്യായം, വേദാന്തം ഇതൊക്കെ പഠിക്കാറുണ്ടോ?

ഗൃഹനായകൻ ആവക സംഭാഷണങ്ങൾക്കു ചെവികൊടുക്കാതെ ചോദിക്കുന്നു:—ഭഗവൻ! ഉപായമെന്തു്?

ശ്രീരാമകൃഷ്ണദേവൻ:—അദ്ദേഹത്തിന്റെ നാമഗുണകീർത്തനം, സാധുസംഗം, അദ്ദേഹത്തോടു വ്യാകുലതയോടെ പ്രാർത്ഥിക്കുക.

ഗൃഹനായകൻ:—സംസാരത്തിൽനിന്നും മനസ്സു പിന്തിരിയത്തക്കവണ്ണം അവിടുന്നു ആശിർവദിക്കണം.

ശ്രീരാമകൃഷ്ണദേവൻ:—എത്രയുണ്ടു്? എട്ടണയോ? (ചിരിച്ചുകൊണ്ടു്)

ഗൃഹ—അതവിടേക്കേ അറിയാവൂ. മഹാത്മാക്കൾ ദയചെയ്തില്ലെങ്കിൽ ഒന്നും പറ്റുന്നതല്ല.

ശ്രീരാമകൃഷ്ണദേവൻ:—അവിടെ പ്രസാദിച്ചാൽ സകലരും സന്തുഷ്ടരായതുതന്നെ. മഹാത്മാക്കളുടെ ഹൃദയത്തിൽ അദ്ദേഹം തന്നെയല്ലേ ഇരിക്കുന്നതു്!

ഗൃഹ:—അദ്ദേഹത്തെ ലഭിച്ചാൽ പിന്നെ പറയേണ്ടല്ലോ. അദ്ദേഹത്തെ കിട്ടിയാൽ സകലതും ത്യജിക്കും. രൂപ കിട്ടിയാൽ പൈസയെക്കുറിച്ചുള്ള ആനന്ദം പോകും.

ശ്രീരാമകൃഷ്ണദേവൻ:—കുറെ സാധനചെയ്യേണ്ടതാവശ്യം. സാധനചെയ്തുചെയ്തു ആനന്ദലാഭം ഉണ്ടാകും. മണ്ണിനു വളരെത്താഴെ വാപ്പിലാക്കി ധനം വെച്ചിട്ടുണ്ടെന്നിരിക്കട്ടെ. ആ നിധി വല്ലവരും ആശക്കുന്നെങ്കിൽ ദേഹദണ്ഡം ചെയ്തു കുഴിക്കണം. നെററിയിൽ നിന്നും വ

യപ്പ് ഒലിക്കണം. കുറെയധികം കഴിഞ്ഞശേഷം ക്രന്താലി കട്ടകത്തിൽ മുട്ടി "ടങ്-ടങ്" എന്ന് ശബ്ദകേൾക്കുമ്പോൾ, ഉണ്ടാകും ആനന്ദം. എത്രത്തോളം ശബ്ദം മുഴങ്ങിക്കേൾക്കുന്നുവോ അത്രത്തോളം ആനന്ദം കൂടും. രാമനെ വിളിക്കുക. അദ്ദേഹത്തെ ചിന്തിക്കുക. രാമൻ സകലതും ശരിപ്പെടുത്തിത്തരും.

ഗൃഹ:—ഭഗവൻ! അവിടുന്നുതന്നെ ശ്രീരാമൻ.

ശ്രീരാമകൃഷ്ണദേവൻ:—അതെങ്ങനെ? നദിയുടെ തിരയോ? തിരയുടെ നദിയോ?

ഗൃഹ:—മഹാത്മാക്കളുടെ ഉള്ളിലാണ് ശ്രീരാമൻ ഇരിക്കുന്നത്. ശ്രീരാമനെ കാണാൻ സാധ്യമല്ല. എന്തെന്നാൽ ഇപ്പോൾ അവതാരമില്ല.

ശ്രീരാമകൃഷ്ണദേവൻ:—(ചിരിച്ചുംകൊണ്ട്) എങ്ങനെയറിഞ്ഞു, അവതാരം ഇല്ലെന്ന്? (ഗൃഹനായകൻ മിണ്ടാതിരിക്കുന്നു)

ശ്രീരാമകൃഷ്ണദേവൻ:—അവതാരത്തെ സകലർക്കും തിരിച്ചറിവാൻ സാധ്യമല്ല. നാരദൻ ശ്രീരാമനെക്കാണാൻ പോയിരുന്നു. ശ്രീരാമൻ സസംഭ്രമം എണീററുനിന്നു സാഷ്ടാംഗം പ്രണമിച്ചിട്ട്, "ഞങ്ങൾ സംസാരജീവികൾ, അവിടത്തെപ്പോലുള്ള സാധുജനങ്ങൾ വന്നില്ലെങ്കിൽ ഞങ്ങൾ പവിത്രരാകുന്നതെങ്ങനെ?" എന്നു പറഞ്ഞു. വീണ്ടുംസത്യപരിപാലനാർത്ഥം ശ്രീരാമൻ വനവാസം തുടങ്ങിയ കാലത്ത് ശ്രീരാമൻ വനത്തിലുറന്ന വിവരമറിഞ്ഞു നിരവധിമഹർഷിമാർ ആഹാരവുമുപേക്ഷിച്ച് കാണാൻ വന്നിരുന്നു. അവരിൽ മിക്കപേരും ശ്രീരാമൻ സാക്ഷാൽ പരബ്രഹ്മമാണെന്നുള്ള തത്വം അറിഞ്ഞില്ല.

ഗൃഹ:—അവിടുന്നും ആ രാമൻ തന്നെ.

ശ്രീരാമകൃഷ്ണദേവൻ:—"രാമ! രാമ! രാമ! അങ്ങനെ പറയരുത്" എന്നു പറഞ്ഞു ഭഗവാൻ കൈകൂപ്പിത്തൊഴുതുംകൊണ്ട്—

"ഓഹിരാമ ഘടഘടമേലേടാ, ഓഹിരാമ ജഗത് പസേരാ" (ഹേ! രാമ! അവിടുന്നു ഘടങ്ങൾതോറും വിരാജിക്കുന്നു, ഹേ രാമ! അങ്ങു ജഗത്തിലെല്ലാം വ്യാപിച്ചിരിക്കുന്നു.) എന്നു പാടിട്ട്, ഞാൻ നിങ്ങളുടെയെല്ലാം ദാസൻ, ആ രാമൻതന്നെയാണ് ഇക്കാണുന്ന സകല മനുഷ്യരായും ജീവജന്തുക്കളായും വർത്തിക്കുന്നത്—എന്നു പറഞ്ഞു.

ഗൃഹ:—ഭഗവൻ! ഞങ്ങൾക്കതറിവില്ല.

ശ്രീരാമകൃഷ്ണദേവൻ:—നിങ്ങൾ അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും, നിങ്ങൾ രാമൻതന്നെ.

ഗൃഹനായകൻ:—അവിടുത്തേക്കു രാഗദ്വേഷങ്ങൾ ഇല്ല.

ശ്രീരാമകൃഷ്ണദേവൻ:—എന്ത്? അന്നൊരിക്കൽ കൽക്കട്ടക്കു വരേണ്ടിയിരുന്നു. മൂന്നണാ കൂലിപറഞ്ഞു ഒരുവണ്ടിക്കാരനെ ഏല്പ്പി

ട്ടുചെയ്തിരുന്നു. അവൻ അണയും കൊണ്ടുപോയി. വന്നില്ല. അയാളോടു ഞാൻ വളരെ ദേഷ്യപ്പെട്ടല്ലോ! നോക്കൂ! അയാളെന്തൊരു മനുഷ്യൻ! എനിക്കു എത്ര വിഷമതനേരിട്ടു!

## അദ്ധ്യായം ൩

(അന്നകൂടോത്സവമദ്ധ്യേ ശ്രീകൃഷ്ണപൂജ)

ശ്രീരാമകൃഷ്ണദേവൻ കുറെ വിശ്രമിക്കുന്നു. ഇതിനിടെ മാർവാറി ഭക്തന്മാർ വെളിയിൽ മാളികയിൽ ഭജനഗാനം തുടങ്ങി. ഇന്നു ശ്രീകൃഷ്ണഭഗവാന്റെ ഉത്സവമാണ്. നിവേദ്യങ്ങളൊക്കെ തയ്യാറായിരിക്കുന്നു. ഭഗവദ്ദർശനം ചെയ്യുവാൻ ശ്രീരാമകൃഷ്ണദേവനെ അവർ കൂട്ടിക്കൊണ്ടുപോയി. ശ്രീകൃഷ്ണനെ ദർശിച്ചു ഭഗവാൻ പ്രണാമാനന്തരം നിർമ്മാല്യംവാങ്ങിധരിച്ചു.

ശ്രീകൃഷ്ണമൂർത്തിയെ ദർശിച്ചു് ഭഗവാൻ ഭാവമുഗ്ദ്ധനായിത്തീർന്നു. കൈതൊഴുതുപിടിച്ചുകൊണ്ടു് പറയുന്നു—

> പ്രാണഹേ! ഗോവിന്ദ! മമജീവന!
> ജയഗോവിന്ദ ഗോവിന്ദവാസുദേവസച്ചിദാനന്ദവിഗ്രഹ!
> ഹേ കൃഷ്ണ! ഹാ കൃഷ്ണ! ജ്ഞാനകൃഷ്ണ! മനകൃഷ്ണ!
> പ്രാണകൃഷ്ണ, ആത്മാകൃഷ്ണ, ദേഹകൃഷ്ണ
> ജാതികൃഷ്ണ, കുലകൃഷ്ണ, പ്രാണഹേഗോവിന്ദമമജീവന.
> (സർവ്വവും ശ്രീകൃഷ്ണമയമെന്നു ഭാവം)

ഇപ്രകാരം പറഞ്ഞു പറഞ്ഞു നിന്നുകൊണ്ടുതന്നെ സമാധിസ്ഥനായി. ശ്രീയുതരാമചട്ടോപാദ്ധ്യായൻ ഭഗവാനെ പിടിച്ചുകൊണ്ടിരുന്നു. വളരെനേരം കഴിഞ്ഞു് സമാധിയൊഴിഞ്ഞു.

ഇപ്പോഴം മാർവാറി ഭക്തന്മാർ ചപ്രത്തിൽ സിംഹാസനസ്ഥനായ ശ്രീകൃഷ്ണന്റെ വിഗ്രഹത്തെ വെളിയിലേക്കു എഴുന്നെള്ളിക്കാൻ ഭാവിക്കുന്നു. വെളിയിലേ നിവേദ്യം കഴിഞ്ഞിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവന്റെ സമാധികഴിഞ്ഞു. മാർവാറി ഭക്തന്മാർ സിംഹാസനസ്ഥിതമായ വിഗ്രഹത്തെ വെളിയിലേക്കു എഴുന്നെള്ളിച്ചുകൊണ്ടുപോകുന്നു. ഭഗവാനും കൂടെ പോകുന്നു.

നിവേദ്യം കഴിയുന്നു. ആ സമയം മാർവാറിഭക്തന്മാർ ഒരു തിരശ്ശീലയിട്ടു മറച്ചു. നിവേദ്യാനന്തരം ദീപാരാധനയും ഗാനവും തുടങ്ങി. ശ്രീരാമകൃഷ്ണദേവൻ ചാമരം കൊണ്ടു് വിഗ്രഹത്തെ വീശുന്നു

ബ്രാഹ്മണഭോജനത്തിനു കാലമായി. മുകളിൽനിലയിൽ ശ്രീകൃഷ്ണവിഗ്രഹത്തിനു മുൻവശത്തുതന്നെ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങി.

ശ്രീരാമകൃഷ്ണദേവനേയും പ്രസാദംകഴിപ്പാൻ ക്ഷണിച്ചു. ശ്രീരാമകൃഷ്ണദേവൻ ഇരുന്നു ഭക്തന്മാരൊന്നിച്ച് പ്രസാദം കഴിച്ചു.

(ബഡ്ബസാറിൽ നിന്നും രാജപാതയിൽ ദീപാളിക്കാഴ്ച)

ഭഗവാൻ യാത്ര ചോദിച്ചു. സന്ധ്യയായി. ഇനിയും റോഡിൽ ആൾത്തിരക്കുതന്നെ. ഭഗവാൻ പറഞ്ഞു – "നമുക്കു ഇറങ്ങി നടക്കാം, വണ്ടി പുറകിൽ കൂടി ചുററി അതിലേ വരട്ടെ". റോഡിൽ കൂടി കുറെ നടക്കുമ്പോൾ വെററിലപാക്കു കച്ചവടക്കാർ ഗുഹപോലുള്ള ഇടുങ്ങിയ കടകളുടെ മുമ്പിൽ മുറുക്കാനുള്ള വക ഒരുക്കിവെച്ചുകൊണ്ടിരിക്കുന്നതു കണ്ടു. ആ കടയിൽ കടക്കണമെങ്കിൽ തല കുറെദൂരെ കുനിക്കണം. ഭഗവാൻ പറയുന്നു – "എന്തു കഷ്ടമാണു! ഇതിനുള്ളിൽ കിടക്കുന്നതു്! സംസാരികളുടെ സ്വഭാവം എന്തൊരു മാതിരി! ഇതിലിരുന്നുകൊണ്ടു അവർ ആനന്ദമയമായി വിചാരിക്കുന്നു!"

വണ്ടി ചുററി അടുത്തു വന്നു ചേർന്നു. ഭഗവാൻ വണ്ടിയിൽ കയറി. അകത്തു് ബാബുരാമൻ, മാസ്റ്റർ രാമചട്ടോപാദ്ധ്യായൻ എന്നിവരും ഭഗവാനൊന്നിച്ചിരുന്നു. ചോട്ടുഗോപാലൻ വണ്ടിയുടെ മുൻതട്ടിലിരുന്നു.

ഒരു ഭിക്ഷക്കാരി കുഞ്ഞിനെയും അരക്കെട്ടിൽ താങ്ങിക്കൊണ്ടു് വണ്ടിക്കടുത്തു വന്നു ഭിക്ഷ ചോദിച്ചു. ഭഗവാൻ അതു കണ്ടു മാസ്റ്ററോട് "എന്താ! പൈസയുണ്ടോ" എന്നു ചോദിച്ചു. ഗോപാലൻ പൈസ കൊടുത്തു.

ബഡ്ബസാറിൽ കൂടി വണ്ടി പോകുന്നു. ദീപാളികൊണ്ടു നാലുഭാഗമൊക്കെ പുകമയം. അന്ധകാരപൂർണ്ണമായ രാത്രി. എങ്കിലും ദീപമാലയാൽ തേജോമയം. ബഡ്ബസാർ ലെയിനിൽ നിന്നും വണ്ടി ചിത്പൂരം റോഡിലിറങ്ങി. അവിടെയും ദീപവർഷം തന്നെ, ഉറുമ്പിൻകൂട്ടം പോലെ ആൾത്തിരക്കുണ്ടു്. ജനങ്ങൾ ആശ്ചര്യത്തോടെ, റോഡിന്റെ ഇരുവശവും നിരന്നിരിക്കുന്ന കച്ചവടശാലകൾ കണ്ടുകൊണ്ടിരിക്കുന്നു. ഒരിടത്തു മിഠായിക്കട, വിചിത്രീകൃതമായ തട്ടുകളിൽ പലതരത്തിലും നിറത്തിലും ഉള്ള മധുരപ്പലഹാരങ്ങൾ പ്രശോഭിക്കുന്നു. ഒരിടത്തു് പനിനീരും അത്തറും സെൻറുകളും വില്ക്കുന്നു; നാനാതരത്തിലുള്ള സുന്ദരചിത്രങ്ങളാൽ സെൻറുകടകൾ അലംകൃതമായിരിക്കുന്നു; കച്ചവടക്കാർ മനോഹരമായി ഉടുത്തൊരുങ്ങി പനിനീർക്കുപ്പി (പനിനീർ വീശി) കൈയിലെടുത്തു കാഴ്ചക്കാരുടെ ദേഹത്തിൽ പനിനീർത്തുള്ളികൾ കുടയുന്നു. വണ്ടി ഒരു അത്തർക്കടയുടെ മുൻപിലെത്തി. ഭഗവാൻ അഞ്ചു വയസ്സായ ഒരു കുട്ടിയെപ്പോലെ പടങ്ങളും ലൈററുകളും നോക്കി നോക്കി ആനന്ദം പ്രകാശിപ്പിക്കുന്നു. നാലു ഭാഗവും കോലാഹലം തന്നെ. ഭഗവാൻ ഉച്ചത്തിൽ പറയുന്നു – "ഇനിയും മുന്നോട്ടു പോയി നോക്കുക! ഇനിയും മുന്നോട്ടു്" എന്നു അർത്ഥഗർഭമായി പ

റഞ്ഞുംകൊണ്ട് ചിരിയ്ക്കുന്നു. ബാബുരാമനോട്ട് ഉപഹാസപരത്തിൽ ചിരിയ്ക്കുംകൊണ്ട് "എന്താ! മുന്നോട്ട് പോകേണ്ടേ? താൻ എന്തു ചെയ്യുന്നു?" എന്നു പറഞ്ഞു.

(മുന്നോട്ട് പോകുക എന്ന കഥ. ഭഗവാനു ഇപ്പോഴും സഞ്ചയശീലമില്ല)

ഭക്തന്മാർ ചിരിച്ചുതുടങ്ങി. താന്താങ്ങളുടെ താത്ക്കാലികമായ അവസ്ഥകൊണ്ട് സംതൃപ്തി നേടാതെ വീണ്ടും വീണ്ടും ഈശ്വരവിഷയമായി പൂർവ്വാധികം മുന്നോട്ട് പോകയാണ് വേണ്ടതെന്ന് ഭഗവാൻ ഒരു കഥാസൂചകമായിട്ട് കൂടെക്കൂടെ പറയാറുള്ളതു അവൎക്കറിയാമായിരുന്നു. കഥയിതാണ്:—

"ഒരു ബ്രഹ്മചാരി വിറകുവെട്ടുകാരനോട്ട് മുന്നോട്ട് പോകുക എന്നു പറഞ്ഞിരുന്നു. അയാൾ അതിൻപ്രകാരം വീണ്ടും വീണ്ടും വനത്തിനുള്ളിൽ മുന്നോട്ട് കടന്നുതുടങ്ങി. ക്രമേണ ചന്ദനവൃക്ഷങ്ങൾ കാണുമാറായി. വീണ്ടും കുറെ നാളുകൾ മുന്നോട്ട് പോയശേഷം വെള്ളിക്ഖനി കണ്ടെത്തി. വീണ്ടും മുന്നോട്ട് പോയപ്പോൾ സ്വൎണ്ണക്ഖനി കണ്ടു. ഒടുക്കം വൈഡൂര്യനാലങ്ങൾ കണ്ടുകിട്ടി"

അതാണ് ഭഗവാൻ കൂടെക്കൂടെ "മുന്നോട്ട് പോകുക! മുന്നോട്ട് പോകുക" എന്നു പറയുന്നതു്. വണ്ടി പോയിത്തുടങ്ങി. ഭഗവാൻ ആവശ്യപ്പെട്ടതുപോലെ മാസ്റ്റർ തോർത്തുമുണ്ട് വാങ്ങിച്ചുകൊണ്ടു വന്നിരിക്കുന്നു. അതു ഭഗവാൻ കണ്ടു. രണ്ടു സാധാരണതോർത്തും രണ്ടു കട്ടിത്തോർത്തും വാങ്ങിച്ചിട്ടുണ്ട്. ഭഗവാൻ സാധാരണതരം രണ്ടെണ്ണമേ ആവശ്യപ്പെട്ടിരുന്നുള്ളൂ. ഭഗവാനു പറഞ്ഞു.— ഇതു രണ്ടും തന്നേക്കുക! മററതു രണ്ടും തൽക്കാലം കൊണ്ടുപോകുക! നിന്റെ കയ്യിലിരിക്കട്ടെ! അല്ലെങ്കിൽ മററതിലൊന്നു തന്നേക്കൂ.

മാസ്റ്റർ:— എന്നാൽ ഒരെണ്ണം ഞാൻ തിരിയെ കൊണ്ടുപോകട്ടെ?

ശ്രീരാമകൃഷ്ണദേവൻ:— അല്ലെങ്കിൽ വേണ്ട. രണ്ടും കൊണ്ടുപൊയ്ക്കോളൂ.

മാസ്റ്റർ:— അങ്ങനെ ചെയ്യാം.

ശ്രീരാമകൃഷ്ണദേവൻ:— ആവശ്യപ്പെട്ടപ്പോൾ കൊണ്ടുവരുക! അതു മതി. ഇന്നലെ വേണീപാലൻ രാമലാലനുവേണ്ടി എന്റെ വണ്ടിയിൽ പലഹാരം കൊണ്ടു വെയ്ക്കാൻ വന്നില്ലേ? ഞാൻ പറഞ്ഞു— എന്റെ കൂടെ യാതൊരു സാമാനവും തന്നയക്കരുതു്. എനിക്കു സഞ്ചയിപ്പാൻ നിവൃത്തിയില്ല— എന്ന്.

മാസ്റ്റർ:— അതിനെന്താണ്. ഞാൻ തിരിയെ കൊണ്ടുപോകാം.

ശ്രീരാമകൃഷ്ണദേവൻ:— (സസ്നേഹം) എന്റെ മനസ്സിന് അല്പമെങ്കിലും വല്ലായ്കയുണ്ടാകുന്നതു നിങ്ങൾക്കു ഹിതമായിരിക്കയില്ല. നിങ്ങൾക്കുവേണ്ടി പറകയാണ്. ആവശ്യപ്പെടുമ്പോൾ ചോദിക്കാം.

മാസ്റ്റർ:— (വിനീതനായി) അങ്ങനെ ചെയ്യാം.

വണ്ടി മററൊരു കടത്തെരുവിൽ എത്തി. അവിടെപ്പുകയിലക്കുഴൽ Pipe വിൽക്കുന്നു. ഭഗവാൻ രാമചട്ടോപാദ്ധ്യായനോടു കാലണയ്ക്കു ആ കുററിവാങ്ങാൻ പറഞ്ഞു. ഭഗവാൻ ഒരുഭക്തനെപ്പററിപറയുന്നു

ശ്രീരാമകൃഷ്ണദേവൻ;—ഞാൻ അയാളോടു—നാളെ ഞാൻ ബഡ്ബസാറിൽ പോകുന്നു, നീ വരുന്നുണ്ടോ എന്നു ചോദിച്ചു. അതിനു അയാൾ പറഞ്ഞതെന്തെന്നറിയാമോ? * ട്രാം വണ്ടിക്കു ഒരണ കൂലിയാകുമല്ലോ? ആരു പോകും? എന്നാണ്. വേണിപാലൻെറ ഉദ്യാനഭവനത്തിൽ ഇന്നലെ പോയിരുന്നു. അയാൾ എന്നെ പുരോഹിതസ്ഥാനത്തിൽ വെച്ചു പൂജിച്ചുതുടങ്ങി. ആരും അയാളോടു പറയാതെ തന്നെ തനിയേ പാടിത്തുടങ്ങി. ഞാൻ ബ്രഹ്മസമാജത്തിലൊരംഗമാണെന്നു ആളുകൾ മനസ്സിലാക്കിക്കൊള്ളട്ടെ എന്നു കരുതിയാണ്. (മാസ്റ്ററോടു) ഒരണ ചെലവാക്കണമല്ലോ എന്നു പറഞ്ഞയാളാണ്.

മാർവാറിഭക്തന്മാരുടെ അന്നകൂടമഹോത്സവത്തെപ്പററിയുള്ള വർത്തമാനമായി.

ശ്രീരാമകൃഷ്ണദേവൻ:—(ഭക്തന്മാരോടു) ഇവിടെനാം കണ്ടില്ലേ? അതുമാതിരിതന്നെയാണ് വൃന്ദാവനത്തിലും. രാഖാലും ¶ മററും വൃന്ദാവനത്തിൽ ഇപ്പോൾ അന്നകൂടവും ശ്രീകൃഷ്ണപൂജയും ഒക്കെക്കാണുകയായിരിക്കും എന്നാൽ അവിടെ അന്നകൂടം ഇതിലും അത്യുച്ചമാണ്; ആൾക്കൂട്ടം വളരെക്കാണും; ഗോവർദ്ധനപർവ്വതം ഉണ്ടു; ഇത്രയൊക്കെ വ്യത്യാസമുണ്ടു.

(ഹിന്ദുമതം സനാതനധർമ്മമാണ്)

ഖോട്ടാർ § ജാതിക്കാരുടെ ഭക്തി എത്ര കേമം! യഥാർത്ഥമായ ഹിന്ദുഭാവം. ഇതാണു സനാതനധർമ്മം. ഭഗവദ്വിഗ്രഹത്തെ എടുത്തുകൊണ്ടിറങ്ങുമ്പോൾ അവർക്കു എന്തുമാത്രം ആനന്ദമെന്നറിയാമോ?. ഭഗവാൻെറ സിംഹാസനം തങ്ങൾ വഹിച്ചുകൊണ്ടുപോകുന്നുവല്ലോ എന്ന സന്തോഷമാണ്.

ഹിന്ദുധർമ്മം തന്നെയാണു സനാതനധർമ്മം. ഇപ്പോൾ കാണുന്ന ഓരോ മതങ്ങളും അദ്ദേഹത്തിൻെറ ഇച്ഛയാൽ വരും, പോകും—നിലനിൽക്കുകയില്ല. അതുകൊണ്ടാണു ഞാൻ "ഇപ്പോളുള്ളതെല്ലാം ഭക്തന്മാരുണ്ടോ അവരുടേയും ചരണങ്ങൾക്കു നമസ്കാരം" എന്നു പറയുന്നതു്. ഹിന്ദുധർമ്മം എന്നേക്കും ഉണ്ടു്, എന്നേക്കും നിലനിൽക്കും. അന്നുമിന്നും എന്നും അതിനു ലയമില്ല.

മാസ്റററക്കു വീട്ടിൽ പോകണം. ഭഗവാൻെറ ചരണവന്ദനം ചെയ്തശേഷം ശോഭാബസാറിനു സമീപം ഇറങ്ങി. ഭഗവാൻ ആനന്ദത്തോടെ വണ്ടിയിൽ പോകുന്നു.

* അന്നത്തെ ട്രാം കൂലി ഒരണയാണ്. ¶ ശ്രീരാഖാലും മററും അപ്പോൾ (അക്ടോബറിൽ) വൃന്ദാവനത്തിലിരിക്കുന്നു.

§ ഹിന്ദുസ്ഥാനവാസികളായ ഒരു വർഗ്ഗക്കാർ.

# ശ്രീശാണ്ഡില്യകൃതഭക്തിസൂത്രം.

(തുടൎച്ച)

### സൂത്രം 63.

ഈശ്വരതുഷ്ടേരേകോപിബലി

അൎത്ഥം. ഈശ്വരപ്രീതികരമായ ഏതെങ്കിലും ഒരു സാധനയെ അനുഷ്ഠിക്കുന്നവനും ബലവാനാണ്.

വ്യാഖ്യാനം. ശ്രവണം, കീൎത്തനം, സേവനം മുതലായവയിൽ ഏതെങ്കിലും ഒരു സാധനയെ ദൃഢമായി അനുഷ്ഠിക്കുന്നതായാൽ അതുകൊണ്ടുതന്നെ ഭഗവൽകൃപ ഉണ്ടാകും. സത്യയുഗത്തിൽ ധ്യാനംകൊണ്ടും, ത്രേതായുഗത്തിൽ യാഗംകൊണ്ടും, ദ്വാപരയുഗത്തിൽ അൎച്ചനകൊണ്ടും കിട്ടുന്നഫലം (ഈശ്വരകൃപ) കലിയുഗത്തിൽ നാമസങ്കീൎത്തനം ഒന്നുകൊണ്ടുമാത്രം സിദ്ധിക്കുന്നു. പരാഭക്തിതന്റെ ശ്രമം കൊണ്ടോ, സാമൎത്ഥ്യംകൊണ്ടോ ലഭിക്കുന്നതല്ല. ഭഗവൽകൃപ ഉണ്ടായാൽ അതു കിട്ടുന്നു.

### സൂത്രം 64.

അബന്ധോൎപ്പണസ്യ മുഖം.

അൎത്ഥം നിഷ്കാമനായി ഈശ്വരനിൽ കൎമ്മഫലസമൎപ്പണം ചെയ്ക എന്ന വിധത്തിലുള്ള അബന്ധം (മുക്തി) പരാഭക്തിക്ക് ഒരു മാൎഗ്ഗമാണ്.

വ്യാഖ്യാനം സകലകൎമ്മങ്ങളുടേയും ഫലം തന്റെ ഭോഗത്തിനായി കാംക്ഷിക്കാതെ ഈശ്വരനിൽ അൎപ്പിച്ചാൽ ജീവി, ബന്ധനമുക്തനായിതീരുന്നു. യാഗാദികളുടെ ഫലത്താൽ ഓരോരോ ദിവ്യലോകങ്ങൾ അനുഭവിച്ച് വളരെകാലം കഴിഞ്ഞു ഈശ്വരനെ പ്രാപിക്കുന്നു. എന്നാൽ യാഗാദികളുടെ ഫലത്തെ ആഗ്രഹിക്കാതെ സകലകൎമ്മങ്ങളും ഈശ്വരാൎത്ഥമായിഅനുഷ്ഠിച്ചാൽഅനായാസേന ഈശ്വരനെ പ്രാപിക്കാം. കീൎത്തനാദികളെപ്പോലെ ഇതും ഈശ്വരലാഭത്തിനു ഒരു മാൎഗ്ഗമായി പറയപ്പെട്ടിരിക്കുന്നു.

### സൂത്രം 65.

ധ്യാനനിയമസ്തു ദൃഷ്ടസൗകൎയ്യാത്.

അൎത്ഥം യാതൊരു ഭാവത്തിൽ എപ്രകാരം ചിന്തിച്ചാൽ ചിത്തസ്ഥൈൎയ്യമാകുന്ന ദൃഷ്ട (പ്രത്യക്ഷ)ഫലം സിദ്ധിക്കുന്നുവോ (അപ്രകാരം) ആഭാവത്തിൽ ചിന്തനം ചെയ്കതന്നെയാണ് ധ്യാനം.

വ്യാഖ്യാനം ഈശ്വരന്റെ അസംഖ്യരൂപങ്ങളിൽ ഏതു രൂപത്തിൽ സ്വാഭാവികമായ ഭക്തി ഉണ്ടാകുന്നുവോ അതുതന്നെയാണ് ഉ

ത്തമം. ബലപൂർവ്വകമായി ഏതെങ്കിലും ഒരു രൂപത്തിൽ ഭക്തിവരുത്താൻ ശ്രമിക്കുന്നതു് അനുചിതമാണു്. യാതൊരു ഭാവത്തിൽ യാതൊരുരൂപം നോക്കിയാൽ നിങ്ങളുടെ നയനങ്ങൾ കുളുർക്കുന്നുവോ—മനസ്സ് മോഹിതമാകുന്നുവോ—ഹൃദയം പരിതൃപ്തമാകുന്നുവോ—ചിത്തം സ്ഥിരമാകുന്നുവോ—ആ ഭാവത്തിൽ അദ്ദേഹത്തെ ധ്യാനിക്കണം.

സൂത്രം 66.

തദ്യജിപൂജായാമിതരേഷാം നൈവം

അർത്ഥം ഈശ്വരപൂജ അല്ലാതെ മററു അനുഷ്ഠാനങ്ങളെ 'യജനം' എന്നു് പറയാൻ പാടില്ല.

വ്യാഖ്യാനം യജ്ഞാദികളുടെ അനുഷ്ഠാനത്തിൽ, കാമന, ഹിംസ, മുതലായവ ധാരാളം വന്നു ചേരുന്നു. ഈ ഭാവത്തിൽ ഈശ്വരനെ സേവിക്കരുതു്. മനോവാക്കായങ്ങളാൽ അദ്ദേഹത്തെ സേവിക്കുന്നതിനു തന്നെയാണു് പ്രയത്നിക്കേണ്ടതു്. അതുകൊണ്ടു് അദ്ദേഹത്തെ പ്രാപിക്കാം. അല്ലെങ്കിൽ കർമ്മപാശത്തിൽ ബദ്ധരായിത്തീരാൻ ഇടയുണ്ടു്. പുത്രലാഭം, രോഗനിവൃത്തി മുതലായ ഉദ്ദേശങ്ങളോടു കൂടി, സകാമങ്ങളായ യജ്ഞവ്രതാദികളെ അനുഷ്ഠിക്കുന്നതായാൽ അതതു് ഫലം ലഭിയ്ക്കുമെന്നല്ലാതെ ഭഗവൽ ഭക്തി ഉദിക്കുകയില്ല. അതുകൊണ്ടു് ഭക്തി ലഭിക്കണമെങ്കിൽ നിഷ്കാമഭാവത്തിൽ ഈശ്വരപ്രീത്യർത്ഥം ഉപാസന തന്നെയാണു് ചെയ്യേണ്ടതു്.

K. 1020

സൂത്രം 67.

പാദോദകന്തു പാദ്യമവ്യാപ്തേ:

അർത്ഥം പ്രതിമാദികളിൽ അവ്യാപ്തിയുള്ളതുകൊണ്ടു് ഈശ്വരവിഗ്രഹങ്ങളുടെ പാദ്യം ഭഗവൽപാദോദകമായി അറിയണം.

വ്യാഖ്യാനം ഈശ്വരൻ അവതരിക്കുമ്പോൾ അദ്ദേഹത്തിൻെറ കാൽ കഴുകിയ വെള്ളം തന്നെയാണു് പാദോദകം. എന്നാൽ രാമകൃഷ്ണാദ്യവതാരങ്ങൾ എന്നും ആവിർഭവിക്കുന്നില്ല. സാളഗ്രാമം, ശിവലിംഗം, മുതലായവയ്ക്കു് പാദങ്ങൾ പ്രത്യക്ഷത്തിൽ ഇല്ലാത്തതുകൊണ്ടു് അവക്കു പൂജാകാലത്തിൽ നൽകുന്ന പാദ്യം ഈശ്വരൻെറ പാദോദകമായി സ്വീകരിക്കണം. ശ്രദ്ധാപൂർവ്വം നിത്യവും ഈ പാദോദകം സേവിച്ചാൽ ശരീരവും മനസ്സും പരിശുദ്ധമാകയും ഭഗവൽ ഭക്തി വികസിക്കയും ചെയ്യുന്നു.

സൂത്രം 68.

സ്വയമർപ്പിതം ഗ്രാഹ്യമവിശേഷാത്

അർത്ഥം താൻ അർപ്പിച്ച വസ്തുവും സ്വീകരിക്കണം. എന്തുകൊണ്ടെന്നാൽ ഒരു വ്യത്യാസവുമില്ല.

വ്യാഖ്യാനം ഭഗവാന് സമർപ്പിക്കുന്ന പദാർത്ഥങ്ങളെ പ്രസാദമായി സ്വീകരിക്കാൻ മടിക്കരുതു്. 'എന്റെ വസ്തുവിനെ ഞാൻ എങ്ങനെ സ്വീകരിക്കും' എന്നു് വിചാരിക്കരുതു്. ഉപാസകന് പ്രസാദം സേവിക്കേണ്ടതാണു്. നിങ്ങളുടെ വസ്തുക്കളെ നിവേദനം ചെയ്യുന്നതുവരെ അതു നിങ്ങളുടേതു തന്നെ. എന്നാൽ നിവേദിച്ചു കഴിഞ്ഞാൽ അതു് ഈശ്വരന്റേതായി എന്നറിയണം. പിന്നീട്ട് അതിൽ നിങ്ങൾക്കു യാതൊരവകാശവുമില്ല. നിവേദിച്ചവനും അന്യരും തമ്മിൽ ഇപ്പോൾ വല്ല വ്യത്യാസവുമുണ്ടോ? അന്യക്കു് പ്രസാദത്തിന് എത്രമാത്രം അധികാരമുണ്ടോ അത്രമാത്രം നിവേദനകർത്താവിനുമുണ്ടു്.

സൂത്രം 69.

നിമിത്തഗുണാവ്യപേക്ഷണാദപരാധേഷുവ്യവസ്ഥാ

അർത്ഥം ഈശ്വരോപാസനയിൽ (൧) നിമിത്തം, (൨) ഗുണം, (൩) അവ്യപേക്ഷ, ഇവയെ അനുസരിച്ചു് അപരാധത്തെ വിഭജിച്ചിരിക്കുന്നു.

വ്യാഖ്യാനം ഭഗവൽസേവ ചെയ്യുമ്പോൾ ചില സേവാപരാധങ്ങൾ സംഭവിക്കാം. അവയെ മൂന്നായി വിഭജിച്ചിരിക്കുന്നു. (൧) ഭ്രമവശാൽ അപരാധം ചെയ്ക. (൨) തന്റെ സ്വഭാവദോഷത്താൽ നിത്യവും അപരാധം ചെയ്ക. (൩) അനിച്ഛയാ പെട്ടെന്നു് അപരാധം ചെയ്ക. അനിച്ഛാകൃതമായ അപരാധത്തെക്കാൾ നിമിത്താപരാധവും, നിമിത്താപരാധത്തെക്കാൾ നിത്യാപരാധവും ഗുരുതരങ്ങളാണു്. (ഈ സൂത്രത്തെ ഇപ്രകാരവും വ്യാഖ്യാനിക്കാം)

അർത്ഥം നിമിത്തത്തിന്റെയും ഗുണത്തിന്റെയും പരിപാലനമില്ലായ്ക അനുസരിച്ചു അപരാധത്തെ വ്യവസ്ഥ ചെയ്തിരിക്കുന്നു.

വ്യാഖ്യാനം യാതൊരു വസ്തു പൂജയിൽ ഉപയോഗിക്കരുതെന്നു ശാസ്ത്രങ്ങളിൽ നിഷേധിച്ചിരിക്കുന്നുവോ, അതിനെ ഉപയോഗിച്ചാൽ പൂജ ശരിയാകുകയില്ല. ഇതാണു നിമിത്താപരാധം. പൂജയിൽ ഒരനുഷ്ഠാനം കഴിഞ്ഞു മറ്റൊന്നു് അനുഷ്ഠിക്കണമെന്നു് വിധിച്ചിട്ടുള്ളതിനെ വ്യതിക്രമിച്ചാൽ അതു ഗുണാപരാധം. നിഷിദ്ധ പുഷ്പങ്ങൾ ഉപയോഗിക്കുക, പൂജയിലുള്ള ക്രമത്തെ ഭംഗം ചെയ്യുക, അശുദ്ധിയോടു കൂടി പൂജിക്കുക, മുതലായവയെ അപരാധങ്ങളായി ഗണിച്ചിരിക്കുന്നു. അതുകൊണ്ടു ഇവയിൽ എല്ലാം സൂക്ഷിക്കണം.

സൂത്രം 70.

പത്രാദേർദാനമന്യഥാ ഹി വൈശിഷ്ട്യം

അർത്ഥം പത്രം, പുഷ്പം, മണി, കാഞ്ചനം മുതലായ സകല ദാനങ്ങളും ഭക്തിയുടെ അംഗമായി നോക്കുമ്പോൾ സമമാണു്. അല്ലെങ്കിൽ ഗീതോക്തമായ പത്രപുഷ്പഫലതോയങ്ങളുടെ നിവേദനത്തിന് വിശിഷ്ടത ഉണ്ടാകും.

വ്യാഖ്യാനം ഈശ്വരന് ശ്രദ്ധാപൂൎവ്വം പത്രം, പുഷ്പം, ഫലം, ജലം, ഇവയെ ദാനം ചെയ്താലും രജതം, കാഞ്ചനം, മണി, മാണിക്യം, ഇവയെ ദാനം ചെയ്താലും സകല ദാനങ്ങളുടേയും ഫലം സമാനമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് പത്രവും, സ്വൎണ്ണവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. നിങ്ങളുടെ ശ്രദ്ധയ്ക്കു് അനുരൂപമായി നിങ്ങൾക്ക് ഫലം കിട്ടും. ഉപകരണങ്ങളുടെ പരിമാണമൊ വിലയൊ അനുസരിച്ചല്ലാ ഫലം. ഗീതയിൽ പത്രം, പുഷ്പം, ഫലം, തോയം, എന്ന് നാലും പ്രത്യേകം എടുത്തു പറഞ്ഞതു കൊണ്ടു് അതിന് ഒരു പ്രത്യേക വൈശിഷ്ട്യമില്ല. ഭക്തിയുടെ താരതമ്യം അനുസരിച്ചു തന്നെയാണ് ഫലം.

## സൂത്രം 71.

സുകൃതജത്വാത് പരഹേതുഭാവാച്ചക്രിയാസു ശ്രേയസ്യ:

അൎത്ഥം ഗൌണിഭക്തിയുടെ ഈ അംഗങ്ങൾ പുണ്യത്തിന്റെ ഫലങ്ങളും പരാഭക്തി ലാഭത്തിനു ഉപാദാനങ്ങളും ആയതിനാൽ ഇതരകൎമ്മാനുഷ്ഠാനങ്ങളെക്കാൾ ശ്രേഷ്ഠമാണു്.

വ്യാഖ്യാനം പരാഭക്തി ഉദിച്ചാൽ മനുഷ്യന് കൎമ്മപ്രവൃത്തി ഇരിക്കയില്ല. എന്നാൽ കൎമ്മാനുഷ്ഠാനത്തിനുള്ള ആഗ്രഹം അവസാനിക്കുന്നതുവരെ മുൻപറഞ്ഞ രീതിയിൽ ഭക്തിസാധനാംഗങ്ങൾ അവശ്യം അനുഷ്ഠിക്കണം. യഥാക്രമം പ്രവൎത്തിച്ചാൽ പരാഭക്തി സ്ഫുരിക്കും. ഗൌണിഭക്തിയുടെ സാധനാംഗങ്ങൾ അനുഷ്ഠിച്ചു് (ഈശ്വരനിൽ) ഭക്തിഭാവം ദൃഢമായാൽ പരാഭക്തിയുടെ വികാസത്തിന് അനുകൂലമായ പരിശുദ്ധത സാധകന്റെ മനസ്സിനു ലഭിക്കുന്നതാണ്. ശ്രീകൃഷ്ണഭഗവാൻ ഇപ്രകാരം പറയുന്നു. "ബഹവൊ ജ്ഞാനതപസാ പൂതാമത്ഭാവമാഗതാ" ഗീത ൪_൧൦. അനേകമാളുകൾ (പരോക്ഷ) ജ്ഞാനവും തപസ്സും കൊണ്ടു് പരിശുദ്ധരായി എന്റെ സ്വരൂപഭാവത്തെ (പരാഭക്തിയെ) പ്രാപിക്കുന്നു.

## സൂത്രം 72.

ഗൌണം ത്രൈവിദ്ധ്യമിതരേണസ്തുത്യൎത്ഥത്വാത്സാഹചൎയ്യം

അൎത്ഥം ത്രിവിധഭക്തിയും ഗൌണമാണ്. സ്തുതിവാദമായി ജ്ഞാനിയുടെ ഭക്തിയും അതോടു കൂടി എടുത്തു് പറഞ്ഞിട്ടുള്ളതാണ്.

വ്യാഖ്യാനം ഭഗവദ്ഗീതയിലെ ൭-ാം അദ്ധ്യായത്തിൽ, ആൎത്തൻ, ജിജ്ഞാസു, അൎത്ഥാൎത്ഥി, ജ്ഞാനി എന്നിങ്ങനെ നാലു വിധത്തിലുള്ള ഭക്തന്മാരുടെ ഭക്തിയെപ്പററി പറഞ്ഞിട്ടുണ്ടു്. അവയിൽ ആദ്യത്തെ മൂന്നും ഗൌണിഭക്തിയാണ്. (൧) ദുഃഖപീഡിതരായി അതിൽ നിന്നും ഉദ്ധാരണത്തിനുവേണ്ടി ഈശ്വരനെ ഭജിക്കുന്നതു്. (൨) ഈശ്വരതത്വം അറിയുന്നതിനായി ഈശ്വരനിലും, ശാസ്ത്രത്തിലും ഗുരു

വാക്യത്തിലുമല്ല ഭക്തി. (൩) തൻെറ ആഗ്രഹസിദ്ധിക്കായി ഈശ്വരനെ ഭജിക്കുന്നതു്. ഇവ മൂന്നും ഗൗണഭക്തി തന്നെ. നിഷ്കാമനായ ജ്ഞാനിയുടെ ഭക്തിമാത്രം അന്തഃകരണത്തിലെ പ്രേമപ്രഫുല്ലതയിൽ നിന്നു് ഉണ്ടാകുന്നതാണ്. അതുകൊണ്ടു തന്നെയാണു ഭഗവാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നതു്.

തേഷാംജ്ഞാനിനിത്യയുക്തഏകഭക്തിർവിശിഷ്യതെ
പ്രിയോഹി ജ്ഞാനിനോത്യർത്ഥമഹംസചമമപ്രിയ:
ഗീത 7-17.

ഈ നാലു തരം ഭക്തന്മാരിൽ വച്ചു നിത്യയുക്തനായ ജ്ഞാനി തന്നെയാണു് പരമോൽകൃഷ്ടൻ. എന്തുകൊണ്ടെന്നാൽ ജ്ഞാനിക്കു ഞാൻ അത്യന്തം പ്രിയനാം, എനിക്കു് ജ്ഞാനി അത്യന്തം പ്രിയനാണ്.

(തുടരും)

## ഒരു ശിഷ്യൻെറ ഡയറി.

### 1913 ഏപ്രിൽ 30

ഇന്നു ബെലൂർമഠത്തിലാണ്. സമയം ഉച്ചതിരിഞ്ഞിരിക്കുന്നു. അപ്പോൾ ശിഷ്യൻ ശ്രീമൽ ബ്രഹ്മാനന്ദസ്വാമികളോടു ചോദിച്ചു. "മഹാരാജ്! എന്നോടു ഭഗവാൻെറ നാമം ജപിയ്ക്കാനും അതേസമയത്തു ധ്യാനിയ്ക്കാനും ഗുരു ആജ്ഞാപിച്ചിരിക്കുന്നു. എന്നാൽ എനിക്കു ധ്യാനിക്കാനെ കഴിയുന്നില്ല. ഇതുകൊണ്ടു് പലപ്പോഴും എനിക്കു മനസ്സിനു് അസുഖവുമുണ്ടാകുന്നു. മൂന്നുതരത്തിൽ ധ്യാനിക്കാൻ കഴിയുമെന്നു് ഞാൻ കണ്ടിരിക്കുന്നു. ഒന്നാമതു് ഇഷ്ടദേവൻെറ ശരീരത്തിൻെറ ഏതെങ്കിലും ഒരു പ്രത്യേകഭാഗത്തു് അതായതു് പാദങ്ങളിലോ കണ്ണിലോ മുഖത്തോ എവിടെയെങ്കിലും. രണ്ടാമതു് പാദാദികേശവും കേശാദിപാദവും ഓരോ അവയവമായി ധ്യാനിച്ചു അതു പലപ്രാവശ്യം ചെയ്തുകൊണ്ടിരിക്കുക. മൂന്നാമതു അദ്ദേഹം ഹൃദയപുണ്ഡരീകത്തിൽ ഇരിക്കുന്നതായിട്ടു് മുഴുവൻരൂപവും ഒരേസമയത്തു ധ്യാനിക്കുക. ഇതിൽ മൂന്നാമത്തേതു വരുമ്പോൾ അദ്ദേഹത്തിൻെറരൂപം ഒരു നിഴലുപോലെ മാത്രമല്ലാതെ മുഴുവനായിട്ടു ധ്യാനിക്കാൻ സാധിക്കുന്നില്ല. എങ്കിലും അദ്ദേഹം എൻെറ ഹൃദയപുണ്ഡരീകത്തിൽ സ്ഥിതിചെയ്യുന്ന തോന്നൽ വളരെ സന്തോഷം തരുന്നുണ്ടു്. ഈ മൂന്നുതരം ധ്യാനത്തിൽ വച്ചു് ഏററവും ഗുണപ്രദമേതാണെന്നു ദയവുചെയ്തു് എനിക്കു പറഞ്ഞുതരണം."

സ്വാമികൾ:— ഈ ചോദ്യങ്ങളെല്ലാം നിൻെറ ഗുരുവിനോടു നേരിട്ടു ചോദിക്കുന്നതാണു് അധികം നല്ലതു്. എൻെറ ഉത്തരവും ആ അമ്മ തരുന്ന ഉത്തരവും ചിലപ്പോൾ ഒന്നല്ലെന്നു വന്നേക്കാം. അവർ ഈയിടെ തന്നെ കൽക്കട്ടയിൽവരുമല്ലൊ............... ഇടയ്ക്കിടയ്ക്കു മനസ്സിന്നു മ്ലാനതവരുന്നതു സഹജമാണു്. ദക്ഷിണേശ്വരത്തായിരുന്നപ്പോൾ ചിലപ്പോൾ എനിക്കും അതുതോന്നി. അന്നു് എനിക്കു വളരെ ചെറുപ്പം. ഭഗവാന്നു ഏകദേശം അമ്പതുവയസ്സുമുണ്ടു്. അതുകൊണ്ടു് എൻെറ മനസ്സിൽ തോന്നിയതെല്ലാം അദ്ദേഹത്തിനോടു തുറന്നു പറയാൻ എനിക്കു കഴിഞ്ഞിരുന്നില്ല. അങ്ങിനെയിരിക്കെ ഒരു ദിവസം ഞാൻ കാളിക്ഷേത്രത്തിൽ ഇരുന്നു് ധ്യാനിച്ചുകൊണ്ടിരുന്നു. മനസ്സ് ഏകാഗ്രമാക്കാൻ എത്ര ശ്രമിച്ചിട്ടും എനിക്കു സാധിച്ചില്ല. ഇതു നിമിത്തം എനിക്കു വളരെ മനസ്താപം തോന്നി. "ഞാൻ ഇത്രനാളും ഇവിടെ താമസിച്ചു എന്നിട്ടും എനിക്കൊന്നും കിട്ടിയില്ല. ഞാൻ എന്തുപ്രവൃത്തിയിലേർപ്പെടാനാണു്? ശരി. ഏതായാലും ഞാൻ ഭഗവാനോടു ഒന്നും പറയുകയില്ല. രണ്ടു മൂന്നു ദിവസംകൂടി ഇവിടെ താമസിക്കും. അപ്പോഴേക്കു് എൻെറ നിലക്കു മാററമൊന്നുംവരുന്നില്ലെന്നു കാണുകയാണെങ്കിൽ ഞാൻ വീട്ടിൽ മടങ്ങിപ്പോകും. അവിടെ എൻെറ മനസ്സിനെ വ്യാപരിപ്പിക്കാൻ പല കാൎയ്യങ്ങളും എനിക്കുണ്ടായിരിക്കും" എന്നു ഞാൻ തന്നത്താൻ പറഞ്ഞു. ഇങ്ങിനെ വിചാരിച്ചുകൊണ്ടു ഗുരുദേവൻെറ മുറിയിലേക്കു കയറിച്ചെന്നു. അപ്പോൾ ഗുരുദേവൻ വരാന്തയിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നെക്കണ്ടയുടനെ അദ്ദേഹം മുറിയിലേക്കുകയറി. കാളിക്ഷേത്രത്തിൽനിന്നു മടങ്ങി വന്നാലുടൻതന്നെ അദ്ദേഹത്തിനെ നമസ്കരിക്കയും പിന്നീടു് ഒരു ചെറിയ പ്രാതരാഹാരം കഴിക്കുകയുമായിരുന്നു അന്നു ഞങ്ങളുടെ പതിവു്. അതനുസരിച്ചു ഞാൻ ചെന്നു ഗുരുദേവനെ നമസ്കരിച്ചു. എന്നാൽ അന്നു ഞാൻ എഴുന്നേററപ്പോൾ:— "നീ ഇന്നു ക്ഷേത്രത്തിൽനിന്നു വന്നപ്പോൾ നിൻെറ മനസ്സ് ഏതോ ഒരു കുടുക്കിൽ പെട്ടതുപോലെ ഞാൻ കാണുന്നുവല്ലോ" എന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്നു കാൎയ്യമെല്ലാം മനസ്സിലായിക്കഴിഞ്ഞുവെന്നു് ഞാൻ അറിഞ്ഞു. അതുകൊണ്ടു ഞാൻ പറഞ്ഞു:— "ശരിയാണു അങ്ങേക്കു് എല്ലാമറിയാമല്ലോ. എൻെറ മനസ്സ് വാസ്തവത്തിൽ ഏതാണ്ടു് അതുപോലെയായിത്തീൎന്നിരിക്കുന്നു" എന്നു്. അദ്ദേഹം അപ്പോൾ എന്തോ എൻെറ നാക്കിൽ എഴുതി. ഉടനെതന്നെ എൻെറ പൂൎവ്വവികാരങ്ങൾ മനസ്സിൽനിന്നു് അസ്തമിക്കുകയും അവാച്യമായ ഒരു ആനന്ദം എന്നിൽ ഉദിക്കുകയും ഞാനു അതിൻെറ പ്രവാഹത്തിനു അധീനനാക്കിത്തീൎക്കപ്പെടുകയും ചെയ്തു.

ഞാൻ അദ്ദേഹത്തോടുകൂടി താമസിച്ച കാലത്തോളം ഈശ്വരധ്യാനവും ഈശ്വരസ്മരണയും എനിക്കു തനിയെ വന്നുകൊണ്ടിരുന്നു.

ഒരു ദിവ്യാനന്ദം എന്നിൽ എപ്പോഴും വഴിഞ്ഞൊഴുകിക്കൊണ്ടിരുന്നു. അതുകൊണ്ടാണ് ഒരുവന്ന് ഒരു ശക്തിമാനായ ഗുരു വേണമെന്നു പറയുന്നത്. അതായത് ഈശ്വരനെ ദർശിച്ചിട്ടുള്ള ഗുരുവേണം. ഗുരു ശിഷ്യന്ന് ഉപദേശം കൊടുക്കുന്നതിന്നു മുമ്പു ശിഷ്യനെ വളരെ നാളേക്കു പരീക്ഷിക്കണം. ശിഷ്യൻ ഉപദേശം വാങ്ങുന്നതിന്നുമുമ്പു ഗുരുവിനേയും നല്ലവണ്ണം പരിശോധിക്കണം. അല്ലെങ്കിൽ പിന്നീടു പശ്ചാത്താപത്തിന്നിടവരും, എന്തെന്നാൽ ഇത് ഒരു ദിവസം കഴിഞ്ഞു് എടുത്തു ദൂരെ കളയാവുന്ന ഒരു ബന്ധമല്ല.

ആരെങ്കിലും എന്റെ ശിഷ്യനാകണമെന്നു പറഞ്ഞു വന്നാൽ ആദ്യമായിട്ടു ഞാൻ അവനെ ദൂരെ അയക്കാൻ നോക്കും. പിന്നെയും അവൻ നിർബന്ധിച്ചാൽ ഞാൻ അവന്ന് ഒരു മന്ത്രം ഉപദേശിച്ചു കൊടുത്തിട്ട് മൂന്നു ഒരു കൊല്ലത്തേക്കു പതിവായി ആയിരത്തെട്ടു പ്രാവശ്യം ജപിക്കാൻ പറയും. ഈ ചെറിയ കഠിമാനം കൊണ്ടുതന്നെ അധികമാളുകളും ഭയപ്പെടുന്നതു ഞാൻ കണ്ടിട്ടുണ്ട്........ഒരു ശിഷ്യന്നു ഉപദേശിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടാണ്ട്. ഒന്നാമതു ശിഷ്യന്നു പററിയ മന്ത്രവും ഇഷ്ടദേവനും കണ്ടുപിടിക്കപ്പെടേണ്ടിയിരിക്കുന്നു. അതു് ഒരു വലിയ ബുദ്ധിമുട്ടുള്ള ജോലിയാണ്. ഒരു ദിവസം ഒരാൾ എന്റെ അടുക്കൽ ഉപദേശം വാങ്ങാൻ വന്നു. ധ്യാനത്തിൽ അയാളുടെ ഇഷ്ടദേവനെ എനിക്കറിയാൻ കഴിയുമെങ്കിൽ മാത്രമെ ഞാൻ അയാൾക്കു ഉപദേശം കൊടുക്കുകയുള്ളുന്നും അല്ലെങ്കിൽ ഇല്ലെന്നും ഞാൻ തീച്ചപ്പെടുത്തി. അതനുസരിച്ചു ഞാൻ ധ്യാനത്തിലിരുന്നു. ഒരു മണിക്കൂർ ധ്യാനിച്ചുകഴിഞ്ഞപ്പോൾ ഒരു രൂപം എന്റെ മനസ്സിൽ ഉദിച്ചു പൊങ്ങി. അതുതന്നെയായിരുന്നു തനിക്കു് ഏററവും ഇഷ്ടമുള്ള രൂപമെന്നു ആ ശിഷ്യൻ പിന്നീട് എന്നോടു പറയുകയുണ്ടായി........ഇക്കാലത്തു് ഉപദേശം കഴിഞ്ഞാൽ പിന്നെ അധികംപേരും ഒന്നും ചെയ്യുന്നില്ല. വിവേചനംകൂടാതെ വരുന്നവൎക്കെല്ലാം ഉപദേശം കൊടുക്കുന്നതു് നന്നല്ല.

കഠിനമായി അഭ്യാസം ചെയ്തുകൊണ്ടേയിരിക്കുക. ആദ്യം ആത്മികാഭ്യാസം അക്ഷരമാല പഠിക്കുന്നതുപോലെ ക്ലേശകരമാണ്. എന്നാൽ ക്രമേണ ശാന്തിയും ആനന്ദവും ലഭിച്ചുതുടങ്ങും. ഉപദേശം കിട്ടിയിട്ടും ഒന്നും ലഭിച്ചില്ല എന്ന് ആരെങ്കിലും പരാതിപറഞ്ഞാൽ രണ്ടു മൂന്നു കൊല്ലത്തേക്കു് ഞാൻ വകവെക്കയേ ഇല്ല. അതു കഴിയുമ്പോൾ അവർതന്നെവന്നു ഞങ്ങൾ മുന്നോട്ടുമുന്നോട്ട് പോകുന്നു' എന്നു പറയുക പതിവാണ്. ചാടപ്പം കൂട്ടാനൊന്നുമില്ല. രണ്ടു മൂന്നുകൊല്ലം അഭ്യാസം ചെയ്യുക. അപ്പോൾ നിനക്കു കാണാം.

മേയ് 1913.

ബെലൂർ മഠത്തിലെ അഭ്യാഗതശാലയിൽവച്ചു ഞായറാഴ്ചയൊഴികെ എല്ലാദിവസവും ഉച്ചതിരിഞ്ഞു മൂന്നുമണിക്കു മതഗ്രന്ഥങ്ങൾ

പഠിപ്പിക്കുന്ന ഒരു ക്ലാസ്സു നടക്കുന്നുണ്ട്. അതിൽ അഭ്യാഗതന്മാരും മഠത്തിലെ സന്ന്യാസിമാരും പങ്കുകൊള്ളും. മേയ് മാസത്തിൽ ആദ്യത്തെ ആഴ്ചയിൽ ഒരു ദിവസം ക്ലാസ്സുകഴിഞ്ഞപ്പോൾ ശ്രീമൽ പ്രേമാനന്ദ സ്വാമികൾ ഇപ്രകാരം പറഞ്ഞു:—

"ഒരു ദിവസം ഗോസ്സായിൻജി, ഗുരുദേവന്റെ അടുക്കൽവന്നു് തന്നെ കാമപാശത്തിൽനിന്നു മോചിപ്പിക്കണേമെന്നു് അഭ്യർത്ഥിച്ചു. ഗുരുദേവൻ അയാളെ സ്പർശിച്ചു. അതിന്റെ ഫലം അത്യൽഭുതമായിരുന്നു. വേറൊരവസരത്തിൽ മറ്റൊരാൾ ശ്രീരാമകൃഷ്ണദേവന്റെ അടുത്തുവന്നു്, "മറ്റൊരു ജോലിയും ചെയ്യാൻ സാധിയ്ക്കാത്തവണ്ണം എന്റെ മനസ്സ് ഭാര്യക്ക് അത്ര അധീനമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് എന്റെ കാര്യങ്ങളെല്ലാം കുഴപ്പത്തിലാകുന്നു. ദയവുചെയ്തു് എന്റെ മനഃസ്ഥിതിയ്ക്കു് മാററം വരുത്തിത്തരണമെ." എന്നു് അപേക്ഷിച്ചു. "ആകട്ടെ, ഒരു ദിവസം കുറെ പഴം കൊണ്ടുവരു. ഞാൻ നിന്റെ മായയെ ഭക്ഷിച്ചുകളയാം." എന്നു ഭഗവാൻ അതിനുത്തരംപറഞ്ഞു. എന്നാൽ പഴങ്ങൾ കൊണ്ടുവന്നപ്പോൾ, എങ്ങിനെയോ, ഭഗവാന്നു് അതു തിന്നാൻ കഴിഞ്ഞില്ല. അദ്ദേഹം പലപ്രാവശ്യം ശ്രമിച്ചിട്ടും ഒരു പഴംപോലും ചുണ്ടുവരെ കൊണ്ടുചെല്ലാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഭാര്യനിമിത്തം അയാൾക്കു വളരെ കഷ്ടപ്പാടുണ്ടായി എന്നു ഞാൻ പന്നീടുകേട്ടു."

രാ—ദക്ഷിണേശ്വരത്തുനിന്നു വന്നുചേർന്നു. അദ്ദേഹം വളരെക്കാലം ഗുരുദേവനോടുകൂടി താമസിച്ചു് അദ്ദേഹത്തെ (ഗുരുദേവനെ) ശുശ്രൂഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പാട്ടുകേട്ട് ഗുരുദേവൻ പലപ്രാവശ്യം സമാധിനിമഗ്നനാകാനും ഇടയായിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹത്തിനെ രാമകൃഷ്ണസംഘത്തിലെ സന്ന്യാസിമാൎക്കെല്ലാം വളരെ ഇഷ്ടമായിരുന്നു. ശ്രീമൽ ബ്രഹ്മാനന്ദസ്വാമികൾക്ക് അദ്ദേഹത്തോടു വളരെ സ്നേഹമുണ്ട്. അതുകൊണ്ട് അദ്ദേഹത്തോടു ചേർന്നു പലനേരമ്പോക്കുകളും കാണിക്കാൻ തുടങ്ങി. സംഭാഷണമദ്ധ്യെ, രാ—ഇങ്ങിനെ പറഞ്ഞു.

"ആദ്യം ഗുരുദേവനും ഹൃദയനും കഠി (ദക്ഷിണേശ്വരം ക്ഷേത്രത്തിലെ ഒരു കെട്ടിടം) യുടെ ഒരു മുറിയിലാണു താമസിച്ചിരുന്നതു്. ഗുരുദേവന്റെ അമ്മ അതിനോടുതൊട്ട ചെറിയമുറിയിലായിരുന്നു കിടന്നുറങ്ങുക പതിവു്. പല രാത്രികളിലും ചെരിപ്പുമിട്ടുകൊണ്ട് ഒരാൾ കോവണിപ്പടിയിൽക്കൂടി മേല്പോട്ടും കീഴ്പോട്ടുമിറങ്ങി കയറുന്നതും ജനല്കളും കതകുകളും തുറക്കുന്നതും അവർ കേട്ടിട്ടുണ്ട്. അതു് ഒരു പ്രേതമായിരുന്നു. പക്ഷെ ഒരു യൂറോപ്യന്റേതായിരുന്നിരിക്കാം. എന്തെന്നാൽ 'കഠി' നിന്നിരുന്നസ്ഥലം, അവിടെ അമ്പലംപണിയുന്നതിനുമുമ്പു് ഒരു യൂറോപ്യൻതാവളമായിരുന്നു. "ഈ ലോകം ശുദ്ധമെ മിത്ഥ്യയാണെന്നു നമുക്കു പറയാൻ സാധിക്കയില്ല. എന്തെന്നാൽ

നാം അതിനെ നമ്മുടെ കണ്ണുകൊണ്ടു കാണുന്നില്ലേ? അതു സത്യമാണെന്നും നമുക്കു പറയാൻ കഴിയുകയില്ല. നോക്കുക. ഈ ഉദ്യാനം എങ്ങനെ രൂപാന്തരപ്പെട്ടിരിക്കുന്നു. മുമ്പു, അതു ഇരിക്കുന്ന സ്ഥലം ഒരു ശ്മശാനമായിരുന്നു. ഈ 'കോഠി' മുമ്പ് ഒരു യൂറോപ്യൻവസതിയുമായിരുന്നു. എന്നാൽ ഇന്നോ? ഇനി കുറെ ദിവസം കഴിയുമ്പോൾ ഈ ക്ഷേത്രവും അസ്തമിയ്ക്കും. പിന്നെ എന്തു വരുമെന്ന് ആർക്കറിയാം?" എന്നു ഭഗവാൻ പറയാറുണ്ടായിരുന്നു.

"ഒരിക്കൽ ഒരു ദർശനത്തിൽ പല ആളുകൾ ഒന്നുചേർന്നു ജഗദംബയുടെ ചുററും നിന്ന് കൈ കൊട്ടിക്കൊണ്ടു നൃത്തം ചെയ്യുന്നതും "ജയകാളി, ജയകാളി" എന്നുച്ചത്തിൽ ഉൽഘോഷിക്കുന്നതും റാണി രാസമണി ആ മുറിയുടെ തെക്കു പടിഞ്ഞാറേ മൂലയിൽ നിൽക്കുന്നതും ഞാൻ കണ്ടു. ഇങ്ങനെ നൃത്തം ചെയ്യുന്ന കൂട്ടത്തിൽ മധുരൻ, ശംഭു, ബലരാമ്, ജയഗോപാലസേൻ, തുടങ്ങിയവരും, എനിയ്ക്കു ഇതുവരെ പരിചയമില്ലാത്ത ഏതാനും വെള്ളനിറക്കാരായ സ്ത്രീപുരുഷന്മാരും ഉൾപ്പെട്ടിരുന്നു." എന്ന് അദ്ദേഹം ഒരിയ്ക്കൽ എന്നോടു പറയുകയുണ്ടായി.

പ്രേമാനന്ദസ്വാമികൾ:—"അവർ പാശ്ചാത്യരാണ്. ഒരു വെള്ളക്കാരി ഒരിയ്ക്കൽ ഇവിടെവന്നു. ശ്രീരാമകൃഷ്ണദേവന്റെ അവശിഷ്ടങ്ങൾ അവളെ കാണിച്ചപ്പോൾ അവർ കരയാൻ തുടങ്ങി. ആ വിലയേറിയ നിധിയിൽ നിന്ന് ഒരു ചെറിയ കഷണം എടുത്തിട്ട് തന്റെ ജീവിതകാലം മുഴുവൻ തന്നോടു കൂടി സൂക്ഷിയ്ക്കുമെന്നും പറഞ്ഞു അവർ അതു കൊണ്ടുപോകുകയുണ്ടായി."

അന്നു രാത്രി രാജയോഗത്തെപ്പററി ഒരു ക്ലാസ്സുണ്ടായിരുന്നു. അതു കഴിഞ്ഞപ്പോൾ ശ്രീമൽ പ്രേമാനന്ദസ്വാമികൾ അവിടെയുണ്ടായിരുന്ന സന്യാസിമാരോടു ഇപ്രകാരം പറഞ്ഞു:—"ഇതെല്ലാം വെറുതെ വായിച്ചതുകൊണ്ടു പോരാ. ഇവയെപ്പററി ധ്യാനിച്ച് അവയെ ആസ്പദമാക്കി നിങ്ങളുടെ ജീവിതം ഉറപ്പിക്കണം. ഭഗവാന്റെ കൃപ കൊണ്ട് ഇവിടെ വന്ന നിങ്ങളിൽ ആരും നിസ്സാരനല്ല. നിങ്ങളെല്ലാം സിംഹക്കുട്ടികളാണ്. നിങ്ങൾക്ക് അതുമിതുമെല്ലാം അറിയാമെന്നും സ്വാമിജി ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളതെന്നും മററും ജനങ്ങളോടു പറഞ്ഞാൽ മാത്രം പോരാ. നിങ്ങളുടെ സ്വന്തംജീവിതം കൊണ്ട് ഈ ഉപദേശങ്ങളുടെ വില കാണിച്ചു കൊടുക്കണം, നിങ്ങളിൽ ഓരോരുത്തനും ത്യാഗം, വിവേകം, വൈരാഗ്യം, നിസ്സംഗതാ എന്നിവയുടെ പ്രത്യക്ഷമാതൃകയായിരിക്കണം."

# കമ്മയോഗം.

## ഏഴാം അദ്ധ്യായം.

## സ്വാതന്ത്ര്യം.

കമ്മം എന്ന പദത്തിന്ന, പ്രവൃത്തി എന്നത്ഥമുള്ളതിന്ന പുറമെ മനശ്ശാസ്ത്രസംബന്ധമായിട്ട് കാരണത്വം (നിമിത്തം) എന്ന അത്ഥം കൂടി അതിൽ അന്തർഭവിച്ചിട്ടുണ്ടെന്ന ഇതിന്ന മുമ്പ് പറഞ്ഞിട്ടുണ്ടല്ലൊ. ഒരു ഫലത്തെ ജനിപ്പിക്കുന്ന ഏതു പ്രവൃത്തിയും ഏതു വിചാരവും കമ്മമാകുന്നു. ഈ നിലയിൽ കമ്മം എന്നുള്ളതിന് കാരണത്തിന്നും കാൎയ്യത്തിന്നും തമ്മിലുള്ള നിയതബന്ധം, നിമിത്തധമ്മം, എന്നത്ഥമാകുന്നു. കാരണം എവിടെയുണ്ടോ അവിടെ കാൎയ്യം ഉണ്ടാകണം, ഇതു നിർബ്ബന്ധമാകുന്നു, ഇതിനെ തടുക്കാവുന്നതല്ല. കമ്മം എന്ന ഈ നിയമം ജഗത്തിനെ മുഴുവൻ വ്യാപിക്കുന്നതുമാകുന്നു, എന്നാകുന്നു ഞങ്ങളുടെ തത്വശാസ്ത്രം പറയുന്നതു്. നാം കാണുന്നതൊ, അനുഭവിയ്ക്കുന്നതൊ, ചെയ്യുന്നതൊ ആയിട്ട് എന്തൊന്നുണ്ടൊ, ഒരു പ്രവൃത്തി എന്നു പറയത്തക്കതായിട്ടു ജഗത്തിൽ എവിടെയെങ്കിലും എന്തൊന്നുണ്ടോ, അതു് ഒരു പൂൎവ്വ കമ്മത്തിന്റെ ഫലമാകുന്നു; എന്നു മാത്രമല്ലാ, ഇവിടെ ഫലരൂപമായിരിക്കുന്ന അതു മററൊന്നിന്നു കാരണമായി തീരുകയും കാരണരൂപത്തിൽ അതിന്റെ കാൎയ്യത്തെ ജനിപ്പിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ, ഇതോടു കൂടി നമുക്ക് നിയമം എന്നാൽ എന്തു് എന്നു കൂടി ആലോചിക്കേണ്ടിയിരിക്കുന്നു. ഒരു ഗണത്തിന്നു (അതായതു തുടൎച്ചയായി ഉണ്ടാകുന്ന ഒരു കൂട്ടം സംഭവങ്ങൾക്കു) സ്വയം ആവൎത്തിപ്പാനുള്ള വാസനയാകുന്നു നിയമം എന്നു പറയുന്നതു്. ഒരു സംഭവം മററൊരു സംഭവത്തെ തുടൎന്നുകൊണ്ടൊ, ചിലപ്പോൾ അതിനോടു സമകാലമായിട്ടൊ ഉണ്ടാകുന്നതായി നാം കാണുമ്പോൾ ആ പൌൎവ്വാപൎയ്യമൊ സമകാലിത്വമൊ വീണ്ടും ഉണ്ടാകും, ആവൎത്തിക്കും എന്നു നാം പ്രതീക്ഷിക്കുന്നു. ഈ നിയമത്തിന്ന വ്യാപ്തി എന്നാകുന്നു ന്യായദർശനത്തെ അനുസരിച്ചു് ഞങ്ങളുടെ പഴയതാൎക്കികന്മാരും തത്വജ്ഞന്മാരും പേരിട്ടിരിക്കുന്നതു്. നമുക്കു നിയമത്തെപ്പററിയ ഭാവനകളെല്ലാം സാഹചൎയ്യം കൊണ്ടുണ്ടാകുന്ന എന്നാകുന്നു അവരുടെ പക്ഷം. തുടൎച്ചയായി ഉണ്ടാകുന്ന ഒരു കൂട്ടം സംഭവങ്ങളേയും വസ്തുക്കളേയും തമ്മിൽ ഒരു നിയതക്രമത്തിലാകുന്ന നമ്മുടെ മനസ്സിൽ സംഘടിപ്പിച്ചിരിക്കുന്നതു്. ആ ക്രമത്തിന്നു ഭേദംവരാത്ത വിധമാകകൊണ്ടു ഏതെങ്കിലും ഒരു സമയത്തു നാം ഒന്നു കാണു

ന്നിന്നെ ഉടനെ അതിനോടു ചേൎത്ത് നമ്മുടെ മനസ്സിലുള്ള മററു സംഗതികളോടു നാം സംഘടിപ്പിക്കുന്നു. ഏതെങ്കിലും ഒരു ഭാവന, അല്ലെങ്കിൽ മനഃശാസ്ത്രരീത്യാ പറയുന്നതായാൽ, ചിത്തസരസ്സിലുണ്ടാകുന്ന ഒരു തരംഗം, അതേവിധമുള്ള ബഹു തരംഗങ്ങളെ തീൎച്ചയായും ഉത്ഭവിപ്പിയ്ക്കും. ഇതാകുന്നു സാഹചൎയ്യത്തെക്കുറിച്ചുള്ള മനശാസ്ത്രസിദ്ധാന്തം. കാരണത്വം, (നിമിത്തധൎമ്മം, Causation) എന്നു പറയുന്നതു് മഹത്തും സൎവ്വവ്യാപകവുമായ ഈ സാഹചൎയ്യധൎമ്മത്തിന്റെ ഒരംശം മാത്രമാകുന്നു. സാഹചൎയ്യധൎമ്മത്തിന്റെ ഈ വ്യാപ്തിയെയാകുന്നു സംസ്കൃതത്തിൽ വ്യാപ്തി എന്നു പറയുന്നതു്. ഒരു കൂട്ടം സംഭവങ്ങളെ തുടൎന്നുകൊണ്ടു മറെറാരു കൂട്ടം പ്രത്യേക സംഭവങ്ങൾ ഉണ്ടാകും. ആ ക്രമം ആവൎത്തിയ്ക്കും എന്നുള്ള പ്രതീക്ഷയെയാകുന്നു നിയമം എന്നു കല്പിച്ചിരിക്കുന്നതു; ഇതു ആന്തരലോകത്തിൽ എങ്ങനെയോ അങ്ങനെ തന്നെ ബാഹ്യലോകത്തിലും. അതുകൊണ്ടു വാസ്തവം നോക്കുമ്പോൾ നിയമം പ്രപഞ്ചത്തിലുള്ളതല്ല. ആകൎഷണനിയമം (Gravitation) ഭൂമിയിൽ ഇരിക്കുന്നു എന്നോ പ്രകൃതിയിൽ എവിടെയെങ്കിലും ഏതെങ്കിലും നിയമം തദ്രൂപത്തിൽ ഇരിക്കുന്നു എന്നോ പറയുന്നതു വാസ്തവത്തിൽ തെററാകുന്നു. നിയമം മുഴുവനും മനസ്സിലിരിക്കുന്നു. നമ്മുടെ മനസ്സ് സംഭവപരമ്പരകളെ ഗ്രഹിക്കുന്ന വിധത്തെയാകുന്നു നിയമം എന്നു പറയുന്നതു്. സംഭവങ്ങൾ മുമ്പുപിമ്പായോ സമകാലമായോ ഉണ്ടാവുകയും അവ വീണ്ടും അതേ ക്രമത്തിൽ ആവിൎഭവിക്കും എന്നു നമുക്കു ഉറപ്പുണ്ടാവുകയും ആ വിധത്തിൽ ആ മുഴുവൻസംഭവപരമ്പരയുടെയും ക്രമത്തെ ഗ്രഹിപ്പാൻ നമ്മുടെ മനസ്സിനു കഴിവുണ്ടാകയും ചെയ്യുന്നതാകുന്നു നാം നിയമം എന്നു പറയുന്നതു്.

നിയമം ജഗദ്വ്യാപകമാകുന്നു എന്നു പറയുന്നതിന്റെ താല്പൎയ്യമാകുന്നു ഇനി നമുക്കു ആലോചിപ്പാനുള്ളതു്. സംസ്കൃതശാസ്ത്രഗ്രന്ഥങ്ങളിലും പാശ്ചാത്യമനശ്ശാസ്ത്രത്തിലും പറയുന്ന ദേശം കാലം നിമിത്തം എന്ന ഉപാധികളാൽ വിശിഷ്ടമായിട്ടുള്ള സത്തയുടെ ഒരംശമാകുന്നു നമ്മുടെ ജഗത്തു്. അനന്തമായ സത്തയുടെ ഒരു ഭാഗം മാത്രം ദേശകാലനിമിത്തങ്ങളാൽ കല്പിതമായ ഒരു പ്രത്യേക കരുവിലാക്കിട്ടുള്ളതാകുന്നു ഈ ജഗത്ത്. ഇങ്ങനെ ദേശകാലനിമിത്തങ്ങളാൽ പരിമിതമായ ജഗത്തിനുള്ളിൽ മാത്രമെ നിയമം പ്രവൎത്തിക്കയുള്ളു എന്നു തീൎച്ചയായും വന്നുകൂടുന്നു. ജഗത്തിന്നപ്പുറം നിയമം ഉണ്ടാകുവാൻ വഴിയില്ല. നാം ജഗത്ത എന്നു പറയുന്നതു നമ്മുടെ മനസ്സുകൊണ്ടു് പരിമിതമായ സത്തയുടെ അംശത്തെയാകുന്നു: അതായതു നമുക്കു കാണ്മാനും, അനുഭവിപ്പാനും, തൊടുവാനും, കേൾപ്പാനും, വിചാരിപ്പാനും, ഭാവനം ചെയ്വാനും കഴിയുന്ന ഇന്ദ്രിയഗോചരമായ ലോകം; ഇതു മാത്രമെ നിയമത്തിന്നധീനമായിരിക്കുന്നുള്ളു; അതിന്നപ്പുറത്തുള്ള സത്ത നിയമത്തിന്നധീനമായിരിപ്പാൻ വഴിയില്ല, എന്തുകൊണ്ടെന്നാൽ മനോവിഷയ

മായ ലോകത്തിന്നപ്പുറം നിമിത്തോപാധിക്ക ഗതിയില്ല. ഭാവനകൾ അന്യോന്യം സംബന്ധപ്പെട്ടിരിക്കാതെ നിമിത്തം എന്നുള്ളതില്ല; ഇന്ദ്രിയങ്ങൾക്കപ്പുറമുള്ള വസ്തുക്കളെ തമ്മിൽ സംബന്ധിപ്പിക്കുവാൻ മനസ്സിന്ന കഴിവില്ല; അതുകൊണ്ടു നമ്മുടെ മനസ്സിന്നും ഇന്ദ്രിയങ്ങൾക്കും ഗോചരമല്ലാതെ അതീതമായിരിക്കുന്ന യാതൊന്നും നിമിത്തത്തിന്നധീനവുമല്ല. സത്ത നാമരൂപങ്ങളായ് തീരുമ്പോൾ മാത്രമെ അതു നിമിത്തധർമ്മത്തെ അനുസരിക്കുകയും നിയമത്തിന്നധീനമാകയും ചെയ്യുന്നുള്ളൂ. എല്ലാ നിയമത്തിന്റെയും ജീവൻ നിമിത്തധർമ്മമാകുന്നു. ഇത്രയും പറഞ്ഞതുകൊണ്ടു ഒരു സംഗതി നമുക്ക് ഉടനെ മനസ്സിലാകുന്നതാകുന്നു, സ്വതന്ത്രമായ ഇച്ഛാശക്തി എന്ന ഒന്നില്ല എന്ന്. ആ വാക്കുകൾ തന്നെ പരസ്പരവിരുദ്ധങ്ങളാകുന്നു; എന്തുകൊണ്ടെന്നാൽ ഇച്ഛ നമ്മുടെ അറിവിൽ പെട്ടതാകുന്നു, നമ്മുടെ അറിവിൽ പെട്ടതെല്ലാം നമ്മുടെ ജഗത്തിലുള്ളതാകുന്നു; ജഗത്തിലുള്ളതൊല്ലാം ദേശം കാലം നിമിത്തം എന്ന ഉപാധികളാൽ രൂപീകരിക്കപ്പെട്ടതുമാകുന്നു. നാം അറിയുന്നതൊ അറിവാൻ നമുക്ക ശക്യമായിട്ടുള്ളതൊ ആയ ഏതൊന്നും നിമിത്തത്തിന്ന് അധീനമായിരിക്കേണ്ടതും നിമിത്തധർമ്മത്തെ അനുസരിക്കുന്ന ഏതൊന്നും സ്വതന്ത്രമായിരിപ്പാൻ കഴിവില്ലാത്തതും ആകുന്നു. അതിനെ മററു കാരണങ്ങൾ ബാധിക്കുന്നു, അതുതന്നെ മറെറാന്നിന് കാരണമായി തീരുകയും ചെയ്യുന്നു. എന്നാൽ ഇച്ഛയായി പരിണമിച്ചിരിക്കുന്നതു ഏതോ, മുമ്പ് ഇച്ഛയല്ലാതിരുന്നതും ദേശകാലനിമിത്തോപാധികളിൽ പെട്ട് മനുഷ്യന്റെ ഇച്ഛാശക്തിയായി തീൎന്നിട്ടുള്ളതും ഏതോ അതു സ്വതന്ത്രമാകുന്നു; അതു ദേശകാലനിമിത്തോപാധികളെ അതിക്രമിച്ച് പോകുമ്പോൾ വീണ്ടും സ്വതന്ത്രമാകയും ചെയ്യും. അതു് സ്വാതന്ത്ര്യത്തിൽ നിന്ന് ഉത്ഭവിച്ച് ഈ ബന്ധരൂപത്തിലായി തീൎന്ന ബന്ധങ്ങളെ ഭേദിച്ച് വീണ്ടും സ്വാതന്ത്ര്യത്തിലേക്ക മടങ്ങിപ്പോകുന്നു.

ഈ ജഗത്ത് ആരിൽ നിന്നുണ്ടായി, ആരിൽ സ്ഥിതി ചെയ്യുന്നു, ആരിൽ ചെന്നു ലയിക്കുന്നു എന്ന ചോദ്യമുണ്ടായിട്ടുണ്ട്; അതു സ്വാതന്ത്ര്യത്തിൽ നിന്നുണ്ടായി, ബന്ധനത്തിൽ സ്ഥിതി ചെയ്യുന്നു, ആ സ്വാതന്ത്ര്യത്തിലേക്ക മടങ്ങി പോകയും ചെയ്യുന്നു എന്നാകുന്നു അതിന്ന സമാധാനം ഉണ്ടായിട്ടുള്ളതു്. അങ്ങനെയിരിക്കെ മനുഷ്യൻ വിസൃഷ്ടിപരമായിരിക്കുന്ന അനന്തസത്തയിൽ നിന്നു ഭിന്നനല്ല എന്നു നാം പറയുമ്പോൾ നാം വിചാരിക്കുന്ന അൎത്ഥം മനുഷ്യൻ ആ സത്തയുടെ ഒരംശം മാത്രമാകുന്നു എന്നാകുന്നു. നാം കാണുന്ന ഈ ദേഹവും മനസ്സും ആ മുഴുവന്റെയും ഒരു ഭാഗം; ആ അനന്തസത്തയുടെ ലേശാംശം മാത്രമെന്നാകുന്നു. ഈ ജഗത്ത് മുഴുവൻ കൂടിയും ആ അനന്തമായിരിക്കുന്ന സത്തയുടെ അത്യല്പമായ ഒരു ഭാഗം മാത്രം; നമ്മുടെ നിയമങ്ങളും ബന്ധനങ്ങളും സുഖങ്ങളും ദുഃഖങ്ങളും ആശകളും പ്രതീക്ഷകളുമെല്ലാം ഈ ചെറിയ ജഗത്തിനുള്ളിൽ; നമ്മുടെ പുരോഗതികളും

തിര്യഗ്ഗതികളുമെല്ലാം ഇതിൻെറ ഇടുങ്ങിയ പരിധിക്കുള്ളിലും ആകുന്നു. കാര്യ്യസ്വഭാവം ഇങ്ങനെയിരിക്കെ ഈ ജഗത്തു് — നമ്മുടെ മനസ്സൃഷ്ടി തുടൎന്നു നിലനില്ക്കേണമെന്നും, നാം അറിയുന്ന ഈ ലോകത്തിൻെറ ഒരു ആവൎത്തിമാത്രമായ സ്വൎഗ്ഗലോകത്തിൽ നമുക്കു ചെല്ലേണമെന്നും ആശിക്കുന്നതു് എത്ര ബാലിശത്വമാണെന്നു നിങ്ങൾക്കു വെളിവാകുന്നുണ്ടല്ലൊ. അനന്തസത്ത മുഴുവനും നമ്മുടെ അറിവിൽപ്പെട്ട പരിമിതവും സോപാധികവും ആയ ഈ സത്തയുടെ നിയമങ്ങളെ അനുസരിക്കണം എന്നാഗ്രഹിക്കുന്നതു് അസാദ്ധ്യവും ബാലിശവുമായ ഒന്നാണെന്നു നിങ്ങൾക്കു് വ്യക്തമാകുന്നുണ്ടല്ലൊ.

ഇന്നുള്ള വിഷയാനുഭവം തന്നെ വീണ്ടും വീണ്ടും ഉണ്ടാകണം; അല്ലെങ്കിൽ (ഞാൻ ചിലപ്പോൾ പറയാറുള്ളതുപോലെ) ഒരു സുഖമുള്ള മതം വേണം എന്നു് ഒരു മനുഷ്യൻ എപ്പോൾ പറയുന്നുവോ അപ്പോൾ അയാൾ അയാളുടെ താൽക്കാലികാവസ്ഥയെക്കാൾ ഉൽകൃഷ്ടമായ യാതൊന്നിനെപ്പററിയും വിചാരിപ്പാൻ കഴിയാത്തവിധം അധഃപതിച്ചിരിക്കുന്നു എന്നു വിചാരിക്കാം. അയാൾ അയാളുടെ ക്ഷുദ്രങ്ങളായ പരിതഃസ്ഥിതികളോടു കൂടിച്ചേൎന്നിരിക്കുന്നു. അവയിൽ നിന്നു മേല്പോട്ടു പൊന്തുവാൻ അയാൾക്കു കഴിവില്ല. അയാളുടെ അനന്തമായിരിക്കുന്ന സ്വഭാവത്തെ അയാൾ വിസ്മരിച്ചിരിക്കുന്നു. അയാളുടെ ബുദ്ധി മുഴുവനും ഈ താൽക്കാലികസുഖദുഃഖങ്ങളിലും മദമത്സരങ്ങളിലും കുടുങ്ങിയിരിക്കുന്നു. ഈ പരിമിതലോകം തന്നെ അപരിമിതമെന്നു അയാൾ വിചാരിക്കുന്നു; അതുമാത്രമല്ല, ഈ മൂഢസ്വഭാവത്തെ അയാൾ പരിത്യജിക്കുകയുമില്ല. അയാൾ തൃഷ്ണയെ മുറുകെ പിടിച്ചിരിക്കുന്നു. ഈ തൃഷ്ണ—ജീവിതാശ—യെയാകുന്നു ബുദ്ധമതക്കാർ തഞ്ഞ എന്നും തൃസ്സ എന്നും പറയുന്നതു്. നാം അറിയുന്ന ഈ ചെറിയ ജഗത്തിന്നപ്പുറം വ്യാപരിക്കുന്നതായ ലക്ഷോപലക്ഷം തരം ജീവികളും സുഖങ്ങളും നിയമങ്ങളും അഭിവൃദ്ധിയും നിമിത്തവും ഉണ്ടായിരിക്കാം. എന്തായിരുന്നാലും അതെല്ലാം കൂടിയും അനന്തസത്തയുടെ ഒരംശം മാത്രമെ ആകുന്നുള്ളു.

സ്വാതന്ത്ര്യം സമ്പാദിക്കണമെങ്കിൽ നാം ഈ ജഗത്തിൻെറ നിയമങ്ങളെ അതിക്രമിച്ചു പോകണം; ഇതിന്നുള്ളിൽ അതു കാണുകയില്ല. പരിപൂൎണ്ണമായ സമതാവസ്ഥ, അല്ലെങ്കിൽ ക്രിസ്ത്യാനികൾ പറയുന്നപ്രകാരം ബുദ്ധിയെയും അതിക്രമിച്ചിരിക്കുന്ന പരാശാന്തി ഈ ലോകത്തിലാകട്ടെ, സ്വൎല്ലോകത്തിലാകട്ടെ, മനസ്സിന്നോ വിചാരങ്ങൾക്കൊ ഇന്ദ്രിയങ്ങൾക്കൊ ഭാവനക്കൊ വിഷയമായിട്ടുള്ള വല്ലേടത്തുമാകട്ടെ കിട്ടാവുന്നതല്ല. ആ വിധമുള്ള ദേശങ്ങളൊന്നും ആ സ്വാതന്ത്ര്യത്തെ തരുവാൻ സമൎത്ഥങ്ങളല്ല; എന്തുകൊണ്ടെന്നാൽ അവയെല്ലാം ജഗത്തിന്നുള്ളിൽ പെട്ടതും ദേശകാലനിമിത്തങ്ങൾക്കു് അധീനവും ആകുന്നു. ഈ ലോകത്തേക്കാൾ സൂക്ഷ്മതരങ്ങളായ ലോകങ്ങൾ ഉണ്ടാ

യിരിക്കാം, അവിടെ സുഖാനുഭവത്തിനു ശക്തി കൂടിയുമിരിക്കാം. എങ്കിലും ആ ലോകങ്ങളും ഈ ജഗത്തിൽ അടങ്ങിയിരിക്കണം; അതുകൊണ്ട് നിയമത്താൽ ബദ്ധമായും ഇരിക്കണം. അതിനാൽ നാം അവയെ അതിക്രമിച്ചുപോകണം. ഈ ക്ഷുദ്രജഗത്ത് അവസാനിക്കുന്നിടത്താകുന്നു യഥാർത്ഥമതം ആരംഭിക്കുന്നത്. ഈ ചെറിയ സുഖങ്ങളും ദുഃഖങ്ങളും വിഷയജ്ഞാനവും അവിടെ അവസാനിക്കുന്നു; തത്വം അവിടെ ആരംഭിക്കുന്നു. ഈ ജീവിതാശയെ, ക്ഷണഭംഗുരവും സോപാധികവുമായ സത്തയോടുള്ള പ്രബലാസക്തിയെ നാം കൈവിടുന്നതുവരെ ഇതിനപ്പുറത്തുള്ള അനന്തമായ സ്വാതന്ത്ര്യത്തിൻെറ ഒരു നോക്കുപോലും കിട്ടുമെന്നാശിക്കാൻ നമുക്കു വഴിയില്ല. മനുഷ്യലോകത്തിൻെറ പരമോൽകൃഷ്ടങ്ങളായ ആശകൾക്കു എല്ലാം അവധിയായിരിക്കുന്ന ആ സ്വാതന്ത്ര്യം സമ്പാദിപ്പാൻ ഒരു വഴിയെ ഉള്ളു എന്നതു യുക്തിയുക്തമായിരിക്കുന്നുവല്ലോ. ആ വഴി, ത്യാഗം. ഈ ചെറിയ ജീവിതത്തെ ത്യജിക്കുക, ഈ ജഗത്തിനെ, ഈ ഭൂമിയേയും സ്വർഗ്ഗത്തേയും, ദേഹത്തേയും, മനസ്സിനേയും, പരിമിതവും സോപാധികവും ആയ സർവ്വത്തേയും പരിത്യജിക്കുക, ഇതേ വഴിയുള്ളു.

(തുടരും)

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ശ്രീ വിവേകാനന്ദ ചരിതം.

(തുടർച്ച.)

കുറെ ദിവസം കഴിഞ്ഞപ്പോൾ. 'ശ്രീരാമകൃഷ്ണദേവൻെറ വാക്ക് ഈശ്വരൻ കേൾക്കും; അതുകൊണ്ടു നിർബന്ധിച്ചു ഭഗവാനെക്കൊണ്ടു അമ്മയുടേയും അനുജന്മാരുടേയും പരമകഷ്ടാവസ്ഥ നീക്കാൻ പറയണം' എന്നു ഞാൻ തീർച്ചയാക്കി. ഞാൻ നിർബന്ധിച്ചാൽ ശ്രീരാമകൃഷ്ണദേവൻ സമ്മതിക്കും എന്ന വിചാരത്തോടു കൂടി ദക്ഷിണേശ്വരത്തു ചെന്നു പിടി വിടുകയില്ല എന്ന നിർബന്ധത്തോടു കൂടി ഭഗവാനോടു യാചിച്ചു. "അമ്മയുടേയും സഹോദരങ്ങളുടേയും കഷ്ടപ്പാടുകൾ നീക്കാൻ ദേവിയോടു പറയണം." എന്നു ഞാൻ പറഞ്ഞു. ഭഗവാൻ "ഇപ്രകാരമുള്ള വാക്കു ഞാൻ അമ്മയോടു ഒരിക്കലും പറകയില്ല. അതിൻെറ കാരണം എന്താണെന്നു നിനക്കറിഞ്ഞുകൂടാ. നീ അമ്മയെ മാനിക്കുന്നില്ല; അതാണു ഈ കഷ്ടപ്പാട്". "എനിക്കു അമ്മയെ അറിഞ്ഞുകൂടാ, അവിടുന്നു എനിക്കുവേണ്ടി അമ്മയോടു പറയണം. പറഞ്ഞേ തീരു, അല്ലാതെ ഞാൻ ഇവിടെ നിന്നു പോകുക

യില്ല". ഭഗവാൻ അത്യന്തം സ്നേഹഭാവത്തിൽ പറഞ്ഞു. "നരേന്ദ്രന്റെ കഷ്ടപ്പാടു തീരണം എന്നു ഞാൻ എത്ര തവണ അമ്മയോടു പറഞ്ഞു. നീ അമ്മയെ മാനിക്കുന്നില്ല. അതിനാൽ ഞാൻ പറയുന്നതു് അമ്മ കേൾക്കുന്നില്ല. ആകട്ടെ ഇന്നു മംഗളവാരം (ചൊവ്വാഴ്ച) അല്ലെ, ഇന്നു രാത്രി നീ കാളീക്ഷേത്രത്തിൽ ചെന്നു അമ്മയെ നമസ്കരിച്ചു് എന്തു യാചിക്കുന്നു അതു് അമ്മ തരും എന്നു ഞാൻ പറയുന്നു. എന്റെ അമ്മ ചിന്മയിയായ ബ്രഹ്മശക്തി ഇച്ഛകൊണ്ടു ലോകംമുഴുവൻ സൃഷ്ടിക്കാൻ കഴിയും. അമ്മ ഇച്ഛിക്കുന്നെങ്കിൽ എന്തു കാര്യമാണു് നടക്കാത്തതു്." ഭഗവാന്റെ വാക്കു കേട്ടു ഉടൻ തന്നെ ഈ പ്രാർത്ഥന മാത്രം കൊണ്ടു സകല കഷ്ടപ്പാടും നീങ്ങും എന്ന ദൃഢവിശ്വാസം ജനിച്ചു. അത്യന്തം ഉൽകണ്ഠയോടു കൂടി രാത്രി വരവു കാത്തിരുന്നു. ക്രമേണ സന്ധ്യ കഴിഞ്ഞു് രാത്രിയായി. പ്രഥമയാമം കഴിഞ്ഞ ഉടൻ ഭഗവാൻ എന്നോടു ദേവീക്ഷേത്രത്തിൽ പോകാൻ പറഞ്ഞു. ഉടൻ തന്നെ ഒരു മാതിരി ഗാഢമായ ഉന്മത്തത മനസ്സിൽ പ്രവേശിച്ചു് പാദങ്ങളെ വലിച്ചു കൊണ്ടുപോയി. തീർച്ചയായും അമ്മയെ പ്രത്യക്ഷത്തിൽ കാണാം. അമ്മയുടെ ദേവവാണി കേൾക്കാം എന്ന ദൃഢവിശ്വാസം മനസ്സിൽ പ്രബലമായി. മററു സകല മനോവൃത്തിയും നശിച്ചു് ഈ വിചാരത്തിൽ മനസ്സിനു് ഏകാഗ്രതയും തന്മയതാവും ലഭിച്ചു. ക്ഷേത്രത്തിൽ പ്രവേശിച്ച മാത്രയിൽ ഞാൻ കണ്ടു—സത്യം! സത്യം!! അമ്മ ചിന്മയി, സത്യം!! സത്യം!!! അമ്മ ജീവനോടു കൂടി നില്ക്കുന്നു. അതിരില്ലാത്ത പ്രേമവും സൗന്ദര്യവും വർഷിച്ചും കൊണ്ടു ജീവനോടു നില്ക്കുന്നു. ഭക്തി പ്രേമം കൊണ്ടു ഹൃദയം സംപൂർണ്ണമായി ഒഴുകി. വിഹ്വലനായി വീണ്ടും വീണ്ടും തൊഴുതും കൊണ്ടു പറഞ്ഞു, "അമ്മേ! ഇനിക്കു വിവേകം തരണമേ! വൈരാഗ്യം തരണമേ! ജ്ഞാനം തരണേ! ഭക്തി തരണേ! അമ്മയുടെ തടസ്ഥമില്ലാത്ത ദർശനം നിത്യം ലഭിക്കാൻ എന്തു വേണം അതു തരണേ!" എന്റെ പ്രാണൻ മുഴുവൻ ശാന്തിയിൽ മുങ്ങി. ലോകവും സംസാരവും സംപൂർണ്ണം നശിച്ചു് അമ്മ—അമ്മ—മാത്രം എന്റെ ഹൃദയം സർവ്വസ്വം നിറഞ്ഞു. ഞാൻ ഭഗവാന്റെ അടുക്കൽ മടങ്ങിചെന്ന നിമിഷത്തിൽ "സംസാരത്തിലെ ദുഃഖവും കഷ്ടപ്പാടും ദൂരെ കളയാൻ നീ അമ്മയോടു പ്രാർത്ഥിച്ചോ" എന്നു ചോദിച്ചു. ചോദ്യം കേട്ടു കൗതുകത്തോടു "ചെയ്തില്ല. എല്ലാം മറന്നുപോയി. ആകട്ടെ! ഇനി എന്താ നിവൃത്തി". ഭഗവാൻ—"ഓടി തിരിച്ചു ചെന്നു നിന്റെ കാര്യം പറഞ്ഞുകൊൾക". ക്ഷേത്രത്തിൽ വീണ്ടും ചെന്നു് അമ്മയുടെ അടുത്തു പോയപ്പോഴും മോഹിതനായി എല്ലാം മറന്നു നമസ്കരിച്ചു ജ്ഞാനവും ഭക്തിയും വീണ്ടും യാചിച്ചു. മടങ്ങിയെത്തിയപ്പോൾ നീ എന്തു യാചിച്ചു എന്നു ഭഗവാൻ ചിരിച്ചും കൊണ്ടു ചോദിച്ചു കൗതുകത്തോടു ഞാൻ പറഞ്ഞു "ഇല്ല. അമ്മയെ കണ്ട മാത്രയിൽ എന്തോ ദിവ്യപ്രഭാവം കൊണ്ടു് എല്ലാം മറന്നു് ജ്ഞാനവും ഭക്തിയും മാത്രം ലഭിക്കണമെന്നു് ഞാൻ പ്രാ

ത്ഥിച്ചു. ഹാ ഇനി എന്തു ചെയ്യാം. ഭഗവാൻ–"ഹാ സ്വല്പം മനസ്സടക്കി ഈ പ്രാൎത്ഥന ചെയ്യാൻപാടില്ലേ. കഴിയുന്നതാണ്. ഒന്നുക്കൂടിപ്പോയി ഈ കാൎയ്യം അമ്മയോട്ടു പറയണം. വേഗം പോകുക.' പിന്നിട്ടും ഞാൻ തിരിച്ചു ക്ഷേത്രത്തിൽ പ്രവേശിച്ച മാത്രയിൽ ദാരുണമായ ലജ്ജ എന്റെ ഹൃദയത്തിൽ വ്യാപിച്ചു. എത്ര തുച്ഛമായ കാൎയ്യമാണ് അമ്മയോടു പറയാൻ വന്നതു്. ഭഗവാന്റെ ഒരു കഥ ഓൎത്തു. ഒരാൾ മഹാരാജാവിന്റെ തിരുവുള്ളം സംപൂൎണ്ണം സമ്പാദിച്ചു് മഹാരാജാവിന്റെ അടുക്കൽ ചെന്നു "മഹാ പ്രഭോ! ഇനിക്കു ഒരു കഷണം വെള്ളരിക്കാ തരാൻ കല്പിക്കണമേ' എന്നു പറഞ്ഞ കഥ ഓൎമ്മിച്ചു. ഇത്ര ബുദ്ധിഹീനതയൊ? ഞാൻ ഇത്ര അല്പബുദ്ധിയൊ? ലജ്ജിച്ചു് വീണ്ടും വീണ്ടും തൊഴുതുംകൊണ്ടു് "അമ്മേ! ഇനിക്കു ഒന്നും വേണ്ടാ. ജ്ഞാനവും ഭക്തിയും മാത്രം തന്നാൽ മതി."യെന്നു പറഞ്ഞു പുറത്തുവന്ന ഉടനെ ഇതെല്ലാം ഭഗവാന്റെ കളിയാണെന്നു ഇനിക്കു തോന്നി. മൂന്നു തവണ പോയിട്ടും കാൎയ്യം പറഞ്ഞില്ലല്ലോ. അടുക്കൽ ചെന്നു "അവിടുന്നു തന്നെ ഇപ്രകാരം മറവി ഉണ്ടാക്കിയതാണ്. എന്റെ അമ്മയുടെയും സഹോദരങ്ങളുടെയും കഷ്ടപ്പാടു് നീങ്ങുമെന്നു അവിടുന്നു തന്നെ പറയണം". ഭഗവാൻ–"ഇങ്ങനെ ഒരു പ്രാൎത്ഥന ഇനിക്കു പറവാൻ നിവൃത്തിയില്ല. എന്റെ മുഖത്തു നിന്നും ഈ വാക്കു പുറത്തു വരികയില്ല. ഞാൻ നിന്നോടു പറഞ്ഞു.– അമ്മയുടെ അടുക്കൽ ചെന്നു നീ ചോദിക്കുന്നതു് അമ്മ തരുമെന്നു്. നീ അതു് ചോദിച്ചില്ല. നിന്റെ ഭാഗ്യദോഷം കൊണ്ടു് നിനക്കു സംസാരസുഖം ഇല്ല. ഞാനെന്തു ചെയ്യാം." "അതു പോരാ എന്നോടു ഒരു വാക്കു പറഞ്ഞാൽ മതി. അവിടുന്നു പറഞ്ഞാൽ പിന്നീടു അവൎക്കു കഷ്ടപ്പാടു് വരികയില്ല എന്നാണു് എന്റെ ദൃഢ വിശ്വാസം". ഇങ്ങനെ ഞാൻ കുറെ നേരം നിൎബ്ബന്ധിച്ചു. ഭഗവാൻ "ആകട്ടെ, അവൎക്കു് അത്യാവശ്യം ഉണ്ണാൻ ചോറും ഉടുക്കാൻ മുണ്ടും ഒരിക്കലും ഇല്ലാതെ വരികയില്ല".

നരേന്ദ്രന്റെ ജീവിതത്തിൽ ഈ അനുഭൂതി ഒരു പ്രധാന സംഭവമായി നാം ഗണിക്കേണ്ടതാണ്. ഇപ്പോൾ ആണ് ഈശ്വരന്റെ മാതൃഭാവവും പ്രതിമാപൂജയുടേയും പ്രതീകപൂജയുടേയും മൎമ്മവും നരേന്ദ്രനു മനസ്സിലായതു്. ഇതിനു മുമ്പു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവന്മാരോടും ദേവികളോടും നരേന്ദ്രനു് ഒരു മാതിരി ആക്ഷേപവും അവജ്ഞയും ഉണ്ടായിരുന്നു. ഭക്തിഭാവത്തോടു കൂടി ദേവന്മാരെ ഉപാസിക്കുന്നതിനു് സാധിച്ചില്ല. ഇപ്പോൾ ഈ ഉപാസനയുടെ രഹസ്യം മനസ്സിലായതോടു കൂടി നരേന്ദ്രന്റെ ആദ്ധ്യാത്മികജീവിതത്തിൽ അധികം പൂൎണ്ണതയും വിശാലതയും ലഭിച്ചു. ഇതുകൊണ്ടു ശ്രീരാമകൃഷ്ണദേവനുണ്ടായ ആനന്ദത്തിനു അളവില്ലായിരുന്നു. ഞങ്ങളുടെ ഒരു ബന്ധു

വായ ശ്രീമാൻ വൈകുണ്ഠനാഥ സന്ന്യാൽ അടുത്ത ദിവസം ദക്ഷിണേശ്വരത്തു് വച്ചു കണ്ട വൃത്താന്തം അദ്ദേഹത്തിൻെറ വാക്കിൽ തന്നെ വിവരിക്കുന്നു.--

"നരേന്ദ്രൻെറ ഒരു ഉററ സ്നേഹിതനായ താരാപദൻ് എൻെറ ആഫീസിൽ ജോലിയായിരുന്നു. താരാപദനെ അന്വേഷിച്ചു നരേന്ദ്രൻ ഇടയ്ക്കിടയ്ക്കു വരും. ശ്രീരാമകൃഷ്ണദേവൻ നരേന്ദ്രനോടു വലിയ സ്നേഹമാണെന്നറിഞ്ഞിട്ടും നരേന്ദ്രനുമായി ഞാൻ പരിചയപ്പെടാൻ ശ്രമിക്കാത്തതു ശരിയല്ലെന്നു് താരാപദർ എന്നോടു ഒരിക്കൽ പറഞ്ഞു. ഇന്നേദിവസം ഉച്ചയ്ക്കു ഞങ്ങൾ രണ്ടുപേരും കൂടി ദക്ഷിണേശ്വരത്തുചെന്നു. ഭഗവാൻ ഏകാകിയായി മുറിക്കകത്തു് ഇരിക്കുന്നു. നരേന്ദ്രൻ വെളിയിൽ ഒരു വശത്തു് കിടന്നു് ഉറങ്ങുന്നു. ഭഗവാൻെറ മുഖം ആനന്ദം കൊണ്ടു വികസിക്കുന്നു. അടുത്തു ചെന്നു നമസ്കരിച്ച മാത്രയിൽ അദ്ദേഹം പറഞ്ഞു "ഹേ! കണ്ടോ ഈ കുട്ടി വളരെ നല്ല കുട്ടിയാണു്. പേരു നരേന്ദ്രൻ. ആദ്യം ഇവൻ അമ്മയെ മാനിച്ചില്ല. ഇന്നലെ മുതൽ അമ്മയെ മാനിക്കുന്നു. വലിയ കഷ്ടപ്പാടിൽ ഉഴലുന്നതു കണ്ടു് ഞാൻ അമ്മയോടു സമ്പൽ സമൃദ്ധി യാചിക്കാൻ പറഞ്ഞു. എന്നാൽ ഇവനു് അതു യാചിക്കാൻ വഹിയാ. ലജ്ജ വന്നു. ക്ഷേത്രത്തിൽ നിന്നു വന്ന ഉടൻ എന്നോടു അമ്മയെപ്പററി ഒരു കീർത്തനം പറഞ്ഞു കൊടുക്കണമെന്നപേക്ഷിച്ചു. * "മാതംഗിതാരാ" എന്ന ഗാനം ഞാൻ പറഞ്ഞുകൊടുത്തു. ഇന്നലെ രാത്രി മുഴുവൻ ഈ പാട്ടു പാടിക്കൊണ്ടിരുന്നു. അതാണു് കിടന്നുറങ്ങുന്നതു്. (ആഹ്ളാദത്തോടുചിരിച്ചു കൊണ്ടു) "നരേന്ദ്രൻ കാളിയെ മാനിക്കുന്നു. അതു വളരെ കേമം അല്ലേ". അദ്ദേഹത്തിൻെറ ഈ വാക്കു കേട്ടും ബാലകസ്വഭാവമായ ആനന്ദം കണ്ടും തിരുമേനി അതു വളരെ ശ്രേഷ്ഠ് എന്നു ഞങ്ങളും പറഞ്ഞു. കുറെ കഴിഞ്ഞപ്പോൾ വീണ്ടും ചിരിച്ചുകൊണ്ടു ഭഗവാൻ പറഞ്ഞു.-"നരേന്ദ്രൻ അമ്മയെ മാനിക്കുന്നു-എത്ര കേമമായി! ഇപ്രകാരം തിരിച്ചും മറിച്ചും ഈ കാര്യം പറഞ്ഞു ആനന്ദം പ്രകാശിപ്പിച്ചുകൊണ്ടിരുന്നു.

---

* മാതംഗിതാരാ
തുമിത്രിഗുണധരാപരാൽപരാ
തോരെജാനിമാഓദീനദയാമയി
തുമിദുർഗ്ഗം ഏതെ ദുഃഖഹരാ
തുമിജലെ തുമിസ്ഥലെതുമിഇആദ്യമൂലെഗോമാ
ആജസർവ്വഘടെ അക്ഷ പുടെ
സാകാര് ആകാര് നിരാകാരാ
തുമിസന്ധ്യാതുമിഗായത്രി
തുമി ഈ ജഗദ്ധാത്രിഗോമാ
തുമിഅകുലെർ ത്രാണകർത്രീ
സദാശിവേർമനോഹരാ

ഏകദേശം വൈകുന്നേരം നാലു മണിയായപ്പോൾ നരേന്ദ്രൻ മുറിക്കകത്തു വന്നു ഭഗവാന്റെ സമീപത്തു് ഇരുന്നു. കൽക്കത്തായിലേക്കു മടങ്ങാൻ അനുവാദത്തിന് അടുത്തു വന്നു എന്നാണു തോന്നുന്നതു്. എന്നാൽ കണ്ട മാത്രയിൽ തന്നെ ഭഗവാൻ ഭാവാവിഷ്ടനായി തന്റെ ഗാത്രം മുഴുവൻ ചുരുക്കി നരേന്ദ്രന്റെ മടിയിൽ കയറി ഇരുന്നു. സ്വന്തശരീരവും നരേന്ദ്രന്റെ ശരീരവും നോക്കിക്കൊണ്ടു പറഞ്ഞു—"ഞാൻ കാണുന്നു. ഇതു ഞാൻ, അതും ഞാൻ തന്നെ. സത്യം, സത്യം, തമ്മിൽ വ്യത്യാസമേ കാണുന്നില്ല. ഗംഗാജലത്തിൽ ഒരു വടി വീഴുന്ന സ്ഥലത്തു രണ്ടായി കാണുന്നതുപോലെ സത്യം, സത്യം—വേർതിരിക്കാൻ ഒന്നുമില്ല. ഒന്നായി തന്നെ ഇരിക്കുന്നു. ഇതു് നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയുമോ? അതും അമ്മയല്ലാതെ വല്ലതും ആണെന്നു് പറയാമോ? ഇപ്രകാരം കുറെ നേരം സംസാരിച്ചിട്ടു് പിന്നിട്ടു് എഴുന്നേററു്—"എനിക്കു പുക വലിക്കണം" എന്നു പറഞ്ഞു. ഞാൻ ബദ്ധപ്പെട്ടു പുകയില അദ്ദേഹത്തിന്റെ ഹുക്കായിൽ ഇട്ടു തയ്യാറാക്കി കൊടുത്തു. നാലു്-ര്-വലി വലിച്ചതിന്റെ ശേഷം ഹുക്കായുടെ മുഖത്തിൽ വയ്ക്കുന്ന കുഴൽ എടുത്തിട്ടു് ഹുക്കാക്കുഴലിൽ നിന്നു് പുക വലിക്കാം എന്നു് പറഞ്ഞു കൈ മടക്കി വച്ചു പുക വലിച്ചു. നാലു്-ര്-വലിച്ചതിന്റെ ശേഷം കൈ നരേന്ദ്രന്റെ മുഖത്തിൽ കൊണ്ടു വച്ചു് ഈ കൈയിൽ കൂടി പുക വലിക്കാൻ പറഞ്ഞു. വളരെ സങ്കോചത്തോടു കൂടി നരേന്ദ്രൻ ഇപ്രകാരം ചെയ്യാൻ മടിച്ചപ്പോൾ "നിനക്കു ഇത്രവളരെഹീനബുദ്ധിയോ?—നീയും ഞാനും പ്രത്യേക പുരുഷന്മാർ ആണോ? ഇതും ഞാൻ, അതും ഞാൻ" എന്നുപറഞ്ഞു നരേന്ദ്രനു് പുകവലിക്കാൻവേണ്ടി കൈ രണ്ടും മടക്കി നരേന്ദ്രന്റെ മുഖത്തിൽ വീണ്ടും കൊണ്ടുവന്നു. നിവൃത്തിയില്ലാതെ നരേന്ദ്രൻ ഭഗവാന്റെ കൈയിൽ മുഖം വച്ചു നാലു്-ര്-തവണ പുക വലിച്ചിട്ടു മതിയാക്കി. നരേന്ദ്രൻ പുക വലിച്ചു നിറുത്തിയ മാത്രയിൽ ഭഗവാൻ ഈ കൈ വച്ചു പുക വലിച്ചു. നരേന്ദ്രൻ ബദ്ധപ്പെട്ടു് "അവിടുന്നു കൈ കഴുകീട്ടു പുക വലിക്കണം" എന്നു പറഞ്ഞു. എന്നാൽ ആരാണു് ഇതു കേൾക്കുന്നതു്. "മണ്ടാ! നിനക്കു് ഇത്ര വളരെ ഭേദബുദ്ധിയോ?" എന്നു പറഞ്ഞു. ഉച്ഛിഷ്ടഹസ്തം കൊണ്ടു തന്നെ പുക വലിച്ചു ഭാവാവസ്ഥയിൽ ഓരോ കാര്യങ്ങൾ പറഞ്ഞു കൊണ്ടിരുന്നു. ഭക്ഷണദ്രവ്യത്തിന്റെ അഗ്രഭാഗം ആർക്കെങ്കിലും കൊടുത്താൽ ശേഷിക്കുന്നതുച്ഛിഷ്ടം എന്നു വിചാരിച്ചു് ശ്രീരാമകൃഷ്ണദേവനു് ഒരിക്കലും ഭക്ഷിക്കാൻ സാധിക്കയില്ല. എന്നാൽ നരേന്ദ്രന്റെ ഉച്ഛിഷ്ടം സംബന്ധിച്ചു ഇന്നേ ദിവസം ഇപ്രകാരം സാധാരണനിയമത്തിനു് വിരുദ്ധമായിപ്രവർത്തിക്കുന്നതു് കണ്ടു് ഞാൻ അത്യാശ്ചര്യപ്പെട്ടു. "നരേന്ദ്രൻ ഇത്രത്തോളം സ്വന്തയാൾ ആണോ" എന്നു് വിചാരിച്ചു.

സംസാരിച്ചു സംസാരിച്ചു രാത്രി മണി എട്ടടിച്ചു. അപ്പോൾ ഭഗവാന്റെ ഭാവാവസ്ഥയ്ക്കു സ്വല്പം ശമനം ഉണ്ടായി എന്നു കണ്ടു്

അനുവാദം ചോദിച്ചുംകൊണ്ട് ഞങ്ങൾ കൽക്കത്താ നഗരത്തിലേക്ക് നടന്നു പോയി. ഈ സംഭവം കഴിഞ്ഞു കുറേ ദിവസം ആയപ്പോൾ നരേന്ദ്രൻ എന്നോടു പറഞ്ഞു. "ഭഗവാൻ ഒരാൾ മാത്രം എന്നെ ആദ്യം കണ്ട നിമിഷം മുതൽ സകല സമയത്തും ഒരുപോലെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. വേറെ ആരും ഇല്ല. അമ്മയ്ക്കും അനുജന്മാർക്കും കൂടി ഇത്ര വിശ്വാസം ഇല്ല. അദ്ദേഹത്തിന്റെ ഇപ്രകാരമുള്ള വിശ്വാസം കൊണ്ടും സ്നേഹം കൊണ്ടും ഞാൻ എന്നേക്കും അദ്ദേഹത്തിനോടു ഋണബദ്ധനായിരിക്കുന്നു. അദ്ദേഹത്തിന് ഒരാൾക്കു മാത്രമെ സ്നേഹംഎന്താണെന്ന് അറിയാവു—അതുപോലെ സ്നേഹിക്കാനും കഴികയുള്ളു. സംസാരത്തിൽ ഉള്ള മററുള്ളവർ സ്വകാര്യലാഭത്തിനായി സ്നേഹത്തിന്റെ നാട്യം മാത്രം ധരിച്ചു നടക്കുന്നേതയുള്ളു."

## ഭക്തനാമകീർത്തനമാഹാത്മ്യവും അതിന്റെ രീതിയും.

ശ്രീസമ്പ്രദായത്തിലെ ഒരുവൈഷ്ണവൻ ശ്രീരാമാനുജൻ മുതലായ പൂർവ്വഗുരുക്കന്മാരുടെ നാമകീർത്തനം ചെയ്യുമ്പോൾ ആ പരിശുദ്ധനാമങ്ങളുടെ പ്രഭാവത്താൽ താൻ സർവ്വകന്മഷപരിശൂന്യനായ ദേവനെപ്പോലെ പരിശുദ്ധനെന്നു വിചാരിക്കുന്നു. വിശ്വാസിയായ വൈഷ്ണവന്റെ ഹൃദയം എത്രതന്നെ തമസാച്ഛന്നമാണെങ്കിലും ദുഃഖദുസ്തിനദുർവ്വിപാകങ്ങളുടെ താഡനയാൽ തരംഗാകുലമായ സംസാര സമുദ്രത്തിൽ എത്രതന്നെ വലയിതനും ഭീതനും ആയാലും ആ പവിത്രനാമാവലി ഹൃദ്ഗതമാകുമ്പോൾ അവന്റെ സകല സന്താപങ്ങളും ദൂരീഭൂതങ്ങളാകുന്നു. ഇതിനു കാരണമെന്ത്? ശ്രീരാമകൃഷ്ണദേവൻ ഈ ചോദ്യത്തിന് സമുചിതമായ സമാധാനം നൽകിയിരിക്കുന്നു. ഗൃഹഗർഭം സഹസ്രവർഷാന്ധകാരത്തിന്റെ ആവാസഭൂമിയാണെങ്കിലും ഒരു ദീപശലാകയുടെ ഘർഷണത്താൽ തൽസമയംതന്നെ പ്രകാശിതമായി ഘനീഭൂതമായിരുന്ന തമോരാശിവിനഷ്ടമായിപ്പോകുന്നതുപോലെ, അഗ്നിതുല്യം പവിത്രവും ഉജ്ജ്വലവുമായ മഹാപുരുഷനാമം ഒരുപ്രാവശ്യം മാത്രം ഗ്രഹിച്ചാലുടൻതന്നെ നിബിഡമായ ഹൃദ്ഗ്ലാനി എല്ലാം ഭസ്മസാൽക്കാരം പ്രാപിക്കുന്നു. മഹാപുരുഷനാമത്തിനുതന്നെ ഇത്ര പ്രഭാവം ഇരിക്കുമ്പോൾ അവരുടെ സ്വസ്വരൂപപ്രഭാവം അനിർവചനീയവും അചിന്തനീയം പോലും ആണെന്നുള്ളത് മനസ്സിലാക്കാൻ ഇതര പ്രമാണം ആവശ്യമില്ലല്ലോ.

എന്നാൽ തീപ്പെട്ടിക്കോൽ തിരിച്ചുരയ്ക്കുകയാണെങ്കിൽ അന്ധകാരം നശിക്കയില്ല. നൂറുവർഷം ഉരച്ചാലും ഒരു സുഫലവുമുണ്ടാകയില്ല. പരിശ്രമം മാത്രം ശേഷിക്കും. അതുപോലെ മഹാപുരുഷനാമംഗ്രഹിക്കാനും നിയമമുണ്ട്. അതു് അറിഞ്ഞില്ലെങ്കിൽ അതുകൊണ്ടു് യാതൊരു ഫലവുമുണ്ടാകയില്ല. പ്രത്യുത അവസാനത്തിൽ നാസ്തികതയും വന്നുചേരും. ആനിയമമെന്തു്? ഭക്താവതാരമായശ്രീചൈതന്യദേവൻ അതു് ഇപ്രകാരം വിധിച്ചിരിക്കുന്നു.

തൃണാദപി സുനീചേന തരോരിവസഹിഷ്ണുനാ
അമാനിനാ മാനദേന കീത്തനീയഃ സദാഹരിഃ

യാതൊരുവൻ തൃണത്തെക്കാളും വളരെ താഴ്ന്നവൻ എന്നു വിചാരിക്കുന്നുവോ, വൃക്ഷത്തെപ്പോലെ സഹിഷ്ണുവോ, മാനത്തെ അല്പം പോലും ഇച്ഛിക്കാതെ അന്യർക്കു് എപ്പോഴും മാനം നൽകുന്നുവോ, അവൻ തന്നെയാണു് ഹരിനാമത്തിനു് അധികാരി. ഭാഗവതം, ഭക്തൻ, ഭഗവാൻ, ഇതു മൂന്നും ഒന്നു്. അതു കൊണ്ടു് ഹരിനാമഗ്രഹണത്തിനു് ആവശ്യമുള്ള നിയമങ്ങൾ ഹരിഭക്തരായ മഹാ പുരുഷരുടെ നാമം ഗ്രഹിക്കാനും ആവശ്യമാണു്. ഭക്തനും ഭഗവാനും തമ്മിൽ ഭേദമില്ലാത്തതെന്തുകൊണ്ടു്? യഥാത്ഥഭക്തന്റെ ഹൃദയത്തിൽ സവ്വദാ ഹരി നിവസിക്കുന്നു. ഭക്തൻ അദ്ദേഹത്തിന്റെ ആജ്ഞാനുവത്തിയായ ദാസൻ. ദാസന്റെ സകല ശാരീരികമാനസിക ചേഷ്ടകളും യജമാനന്റേതു തന്നെ. ദാസൻ തനിക്കായി യാതൊന്നും ചെയ്യുന്നില്ല, ആലോചിക്കുന്നില്ല. അവന്റെ സകല പ്രവൃത്തികളും ആലോചനകളും അവന്റേതല്ലാ യജമാനന്റേതാണു്, എന്റെ കൈകാലുകൾ എന്റെ ആജ്ഞയെ അനുവത്തിക്കുന്നതു കൊണ്ടു കൈകാലുകൾ കൊണ്ടു് അനുഷ്ഠിക്കപ്പെടുന്ന സകല പ്രവൃത്തികളും അവയുടേതല്ലാതെ എന്റെ പ്രവൃത്തികളായി പരിഗണിക്കപ്പെടുന്നു. അതുപോലെ ഭൃത്യന്റെ പ്രവൃത്തികളും ആലോചനകളും ഭൃത്യന്റേതല്ല. പ്രഭുവിന്റേതു് എന്നാണു യുക്തിയുക്തം. അതിനാൽ ഭക്തനും ഭഗവാനും തമ്മിൽ ഭേദം എവിടെ? ഭാഗവതങ്ങളും ഭഗവാന്റെ കീത്തനങ്ങളിൽ വിനിയുക്തങ്ങളായിരിക്കുന്നു. ഭാഗവതപാരായണം കൊണ്ടു് ഭഗവത്തത്വം ഉപലബ്ധമാകുന്നു. ഇതു കൊണ്ടു തന്നെയാണു് വ്യാസഭഗവാൻ ബ്രഹ്മസൂത്രത്തിൽ 'ശാസ്ത്രയോനിത്വാൽ' എന്ന സൂത്രം അവതരിപ്പിച്ചു് ബ്രഹ്മം കേവലം ശാസ്ത്രത്താൽ മാത്രം പ്രകാശ്യനും ജ്ഞേയനുമാണെന്നു് പ്രതിപാദിച്ചിരിക്കുന്നു.ഭഗവന്മയമായതുകൊണ്ടുഭാഗവതവുംഭഗവാന്റെനാമാന്തരമാണു്

മനുഷ്യഹൃദയം അഹങ്കാരപരിപ്ലുതമാകുമ്പോൾ—സവ്വവിഷയങ്ങളുടേയും ജിജ്ഞാസ അവന്റെ ഹൃദയത്തെ അധികാരം ചെയ്തു് ചഞ്ചലമാക്കിത്തീക്കുമ്പോൾ—ആ ചഞ്ചല ബുദ്ധിയുടെ സഹായത്താൽ ചില ഇന്ദ്രിയ സുഖങ്ങളുടെ ലാഭത്തിനു സഹജമായ മാർഗ്ഗങ്ങളെ ഉത്ഭാവനം ചെയ്തു് താൻ സവ്വജ്ഞനും കൃതാത്ഥനും എന്നു വിചാരിക്കു

ബോഗം — ആ ഭൗതികസുഖങ്ങളുടെ പ്രസൂതിയായ ആധുനിക വിജ്ഞാനദർശനങ്ങൾ വായിച്ച് താൻ മനുഷ്യസമുദായത്തിലെ നേതാവെന്നും ഗുരുവെന്നും അഭിമാനിയ്ക്കുമ്പോൾ — അപരാവിദ്യാമായയാൽ മുഗ്ദ്ധനായി തന്റെ സകല ജ്ഞാനപിപാസയും ഐഹികസുഖാനുസന്ധാനത്തിൽ പര്യവസാനിക്കുമ്പോൾ — ആലംബചിത്തനായ മനുഷ്യൻ വിലപന്മന്യനായി താൻ ഗുരുത്വത്തിന്റേയും ഗാംഭീര്യത്തിന്റേയും ആദർശമെന്ന് അഭിമാനിക്കുമ്പോൾ — അപ്പോൾ തന്റെ അഭിമാനമലിനവും ഗർവ്വസ്ഫീതവും ദുർവ്വിനീതവുമായ ഹൃദയമെവിടെ, ധീരനമ്രവും നിർമ്മലവും പ്രശാന്തഹൃദയൈകഗ്രാഹ്യവും ആയ ഭക്തനാമാനകീർത്തനം എവിടെ. "കോന്യോസ്തിസദൃശോമയാ" എനിക്കു തുല്യനാര്, എന്നു വിചാരിക്കുന്നവൻ തൃണത്തെക്കാളും ലഘുതരനാകാനോ തരുവിനെപ്പോലെ സഹിഷ്ണുവാകാനോ ഒരു പ്രകാരവും സാധിക്കയില്ല. അവൻ തന്നത്താൻ മാനത്തിനു വേണ്ടി അത്യഗ്രഹാന്വിതനായിരിക്കുന്നു. യശഃപിപാസയാൽ അവന്റെ കണ്ഠം പരിശുഷ്കമായിരിക്കുന്നു. ഇപ്രകാരമുള്ള മനുഷ്യൻ അന്യന് എപ്രകാരം മാനം നല്കും. അന്യന്റെ യശഃകീർത്തനം എങ്ങിനെ ചെയ്യും.

മനുഷ്യൻ ഭോഗാഭിലാഷം അതിക്രമിക്കുമ്പോൾ ഐഹികസുഖം അവന്റെ ചിത്തത്തെ ആകർഷിക്കാൻ അസമർത്ഥമായിരിക്കയും അതുകൊണ്ടു സംസാര ബഹിർഭൂതവും മനോവാഗതീതവും ആയ പരമാർത്ഥസുഖാഭിലാഷം അവനെ സമാജകോലാഹലത്തിൽ നിന്നും അകററി തന്റെ ഹൃദയത്തിന്റെ നിഭൃതകന്ദരത്തിൽ ശാന്തിവാരിയെ അന്വേഷിക്കാൻ അവൻ പ്രേരിതനാകുമ്പോൾ ഭക്തഹൃദയനിർഝരനിസ്സൃതവും ഭാവമയവും ആയ അമൃതനദിയിൽ അവഗാഹനം ചെയ്തു കൃതാർത്ഥനും അമരനും ആകാൻ അധികാരം കിട്ടുന്നു. തന്റെ നിസ്സാരതയെ മനസ്സിലാക്കി താൻ തൃണാദപി തൃണമെന്നു മനസ്സിലാക്കാൻ സമർത്ഥനാകുന്നു. അപ്പോൾ ഹരിമയം ജഗത്തെന്നു അനുഭവം ആരംഭിച്ചു കീടാനുകീടങ്ങളേയും പൂജിപ്പാൻ സന്നദ്ധനാകുന്നു. അപ്പോൾ അവൻ യഥാർത്ഥത്തിൽ വൈഷ്ണവനാമത്തിനു യോഗ്യനായിത്തീരുന്നു. ഇപ്രകാരമുള്ള വൈഷ്ണവൻ സംസാരതാഡനങ്ങളാൽ ക്ഷുബ്ധനാകുമോ? സകലതും ഹരിവിലാസമെന്നറിഞ്ഞു അവലീലയാ കളിച്ചു കളിച്ചു ചിരിച്ചു ചിരിച്ച് സംസാരസമുദ്രതരംഗോപരി ഉന്മത്തനെപ്പോലെയും ബാലനെപ്പോലെയും സഞ്ചരിക്കുന്നു. ഇങ്ങനെയുള്ളവർ ഭഗവാന്റെ രൂപാന്തരം മാത്രം. ഹരിനാമകീർത്തനത്താൽ കിട്ടുന്ന അതേഫലം ഇവരുടെ നാമകീർത്തനത്താലും കിട്ടുന്നുണ്ട്. ഇപ്രകാരമുള്ള വൈഷ്ണവൻ ബ്രാഹ്മക്ഷത്രവൈശ്യശൂദ്രാദി ജാതികളിൽ ഒന്നിലും തന്നെ അടങ്ങുന്നില്ല. ഭക്തൻ എന്നു് നിത്യവും ശുദ്ധബുദ്ധിഗോചരവും അപാർത്ഥിവവുമായ ഒരു സ്വർഗ്ഗീയ ജാതിയുണ്ടു്. ഇവർ ആ മഹാ മഹിമജാതിയിലുൾപ്പെട്ടവരാണ്.

ഇവരുടെ നാമംഗ്രഹിക്കണമെങ്കിൽ ശ്രീചൈതന്യദേവകഥിതമായ വിധിയെ പരിപാലിക്കേണ്ടതാണ്. ഭക്തിവിശ്വാസങ്ങൾകൊണ്ടു നിറഞ്ഞ ഹൃദയം സ്വാഭാവികമായി ഈവിധിപരിപാലനത്തിൽ സമൎത്ഥമാണ്. ജാതിവൈഷ്ണവന്മാർ മുൻപറഞ്ഞതുപോലെ യഥാൎത്ഥവൈഷ്ണവരല്ലെങ്കിലും അവൎക്ക് വൈഷ്ണവധൎമ്മത്തിൽ ഭക്തിയും വിശ്വാസവും സ്വാഭാവികമായ ആസ്ഥയും ഉണ്ട്. അതുകൊണ്ട് അവർ പൂർവ്വഗുരുക്കന്മാരുടെ നാമം കീൎത്തനം ചെയ്യുമ്പോൾ അവരുടെ ഹൃദയം തത്പ്രഭാവത്താൽ ഉത്ഭാസിതമായി മാലിന്യാന്ധകാരങ്ങളെ ദൂരികരിക്കാൻ സമൎത്ഥമാകുന്നു.

വായനക്കാരെ വരുവിൻ! നമുക്കും ഭക്തിപൂൎണ്ണഹൃദയങ്ങളോടുകൂടി പൂർവ്വാചാൎയ്യന്മാരുടെ നാമങ്ങൾ ഗ്രഹിച്ച് പരിശുദ്ധരായി ശ്രീരാമാനുജചരിതാമൃതസാഗരത്തിൽ അവഗാഹനം ചെയ്വാൻ അധികാരം പ്രാപിക്കാം. തമിഴന്മാർ ഭക്തന്മാരെ "ആൾവാർ" എന്നു വിളിക്കുന്നു. ആൾവാർഎന്നതിന്റെ അൎത്ഥം ശാസനകൎത്താവ് എന്നാകുന്നു. (ആളുക=ശാസിക്കുക) സമസ്ത ജഗത്തും ഇവരുടെ ആജ്ഞയെ അനുവൎത്തിക്കുന്നതുകൊണ്ട് ഇവർ അല്പകാലത്തേയ്ക്ക് അല്പദേശത്തിന് ആധിപത്യം വഹിക്കയല്ലാ, സർവ്വകാലത്തിലും സൎവ്വജഗത്തിനും ആധിപത്യം വഹിക്കുന്നതുകൊണ്ട് ശാസനകൎത്താവെന്ന നാമംഇവൎക്ക് ഉപയോഗിക്കുകയാണ്, സൎവ്വഭാവത്തിലുംസമീചീനം. എത്രഅലക്സാണ്ഡർ, എത്രനെപ്പോളിയനു, കാലസ്രോതസ്സിൽ ഒഴുകിയിരിക്കുന്നു, ഇപ്പോൾഒഴുകുന്നു, മേലിൽ ഒഴുകുകയും ചെയ്യും. എന്നാൽ യശോദ, മായാദേവി മുതലായവരുടെ നിസ്വരും നിഷ്കിഞ്ചനരും ആയ സന്താനങ്ങൾ ചിരകാലമായി ക്ഷണസ്ഥായികളായ പാൎത്ഥിവ സാമ്രാട്ടുകൾക്കുമേലും സാമ്രാജ്യം ഭരിക്കുന്നു. ഇവരെ സാമ്രാട്ടുകളെന്നു പറയാതെ പിന്നെയാരേയാണ് പറയേണ്ടതു്?. അതുകൊണ്ട് അഗസ്ത്യമഹൎഷിയാൽ ഉത്ഭാവിതമായ തമിഴിൽ യഥാൎത്ഥഭക്തന്മാരെ ആൾവാർഎന്നുവിളിച്ചിരിക്കുന്നതു് സൎവ്വഥായുക്തം തന്നെ.

# ശ്രീശങ്കരന്റെ ജീവിത വൃത്താന്തം.

യൌവനം.

(തുടൎച്ച)

കുമാരിലന്റെ ചരമവാണിയനുസരിച്ച് ശ്രീശങ്കരൻ മണ്ഡനമിശ്രന്റെ ആശ്രമത്തിലേക്ക് യാത്രതുടൎന്നു, കുമാരിലന്റെ നിൎവ്വാണ

ശേഷം അദ്ദേഹത്തിൻെറ മുഖ്യശിഷ്യനായ മണ്ഡനമിശ്രനെയാണ്, ഭാരതത്തിലെ കർമ്മകാണ്ഡികളിൽ പ്രധാനിയായി ഗണിച്ചിരുന്നത്.

ശാസ്ത്രവിഹിതങ്ങളായ വിപുലകർമ്മങ്ങളിൽ മണ്ഡനമിശ്രൻ കൂടുതൽ ജാഗ്രതകാണിച്ചിരുന്നു. അദ്ദേഹത്തിൻെറ ആശ്രമങ്ങളിൽ നിന്നു രാവും പകലും ധൂമപടലങ്ങൾ ഉയന്നിരുന്നു. ശാസ്ത്രവാദകോലാഹലം കൊണ്ടും ഗുരുവിൻെറ നോട്ടത്തിലും ശിക്ഷണത്തിലുമുള്ള ഒട്ടേറെ ശിഷ്യഗണങ്ങളുടെ വേദാദ്ധ്യയനം കൊണ്ടുള്ള മധുരധ്വനിയാലും ആ ആശ്രമം സർവ്വദാ സുപ്രസന്നമായിരുന്നു.

ഗീർവ്വാണഭാഷയിൽ അപാരപാണ്ഡിത്യമുണ്ടായിരുന്ന മണ്ഡനമിശ്രൻെറ ആശ്രമാംഗങ്ങൾ സംസ്കൃതം പഠിച്ചിരിക്കണമെന്ന് നിർബന്ധിച്ചിരുന്നു. ആശ്രമത്തിലെ സംഭാഷണംപോലും സംസ്കൃതത്തിലാണു നടന്നിരുന്നതു്. അവിടത്തെ ഭൃത്യന്മാർ സംസ്കൃതം നല്ലവണ്ണം സംസാരിച്ചിരുന്നതായും കൂടാതെ അവിടെയുള്ള ശുകങ്ങളെ വേദങ്ങൾ ഉച്ചരിക്കുന്നതിന് അഭ്യസിപ്പിച്ചിരുന്നതായും പറഞ്ഞു കേഴ്‌വിയുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പാണ്ഡിത്യത്തെ വേണ്ടവിധം അവിടെ ബഹുമാനിച്ചിരുന്നു.

ആശ്രമവാതുക്കൽ നിന്നിരുന്ന പണ്ഡിതൻെറ സമ്മതപത്രത്തോടുകൂടിയല്ലാതെ ഒരു സന്ദർശകനും ആശ്രമത്തിൽ പ്രവേശിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. എന്തെന്നാൽ വിദ്യാവിഹീനക്ക് ആശ്രമത്തിൽ പ്രവേശനം നിരോധിച്ചിരുന്നു.

മണ്ഡനമിശ്രനെപ്പോലെയുള്ള ഒരു മഹാചാര്യനെ അദ്ദേഹത്തിൻെറ ആശ്രമത്തിൽ ചെന്ന്, യൗവനദശയിലേക്കു കടന്നു എന്ന് പറയത്തക്ക പ്രായമുള്ള ശ്രീശങ്കരൻ വാദത്തിനു ക്ഷണിച്ചുകളയാമെന്നു നിശ്ചയിച്ചതു് അത്ഭുതകരം തന്നെ. എന്നു മാത്രമല്ല ഈ വാദംകൊണ്ട് യുവാവായ ശ്രീശങ്കരൻെറ പ്രശസ്തി ഒന്നുകിൽ വർദ്ധിക്കുന്നതിനൊ അല്ലെങ്കിൽ നിശ്ശേഷം നശിക്കുന്നതിനൊ ഇടയായേക്കാം. പോരെങ്കിൽ അപജയം സംഭവിച്ചാൽ വിജയകക്ഷിയുടെ സിദ്ധാന്തത്തെ അംഗീകരിക്കേണ്ടിയിരുന്നു എന്നുള്ളതും ഓക്കേണ്ടതാണ്.

സ്വായത്തമായ പ്രശസ്തിവൈഭവം തന്നെയാണു ശ്രീശങ്കരനെ ഈ വാദസംരംഭത്തിനു നിയോഗിച്ചതു്. ഇരു കക്ഷികൾക്കും അവരവരുടെ ബലത്തിൽ ആത്മവിശ്വാസം ഉണ്ടായിരുന്നു എന്നു മാത്രമല്ല പ്രത്യർത്ഥിയുടെ ശക്തിപരിമാണത്തിൽ അറിവുമുണ്ടായിരുന്നു. തുല്യബലരായ ഇവരുടെ വാദത്തിൽ, ആക്കാണ് വിജയലബ്‌ധി ഉണ്ടാകുന്നതെന്ന് നിശ്ചയിക്കുവാൻ ആക്കും കഴിഞ്ഞിരുന്നില്ല.

ശ്രീശങ്കരനെ മണ്ഡനമിശ്രൻ ആദരപൂർവ്വം സ്വാഗതമരുളി. പ്രായക്കുറവുള്ള ശ്രീശങ്കരനെ അദ്ദേഹം തുല്യനായി കരുതുകയും താമസത്തിനു വേണ്ട എല്ലാ സൌകര്യങ്ങളും ചെയ്കയും എത്ര നാൾ താമസിക്കുന്നതും സന്തോഷമാണെന്നറിയിക്കുകയും ചെയ്തു. അനന്തരം വാദ

ത്തിനുള്ള ദിവസം തീൎയ്യാക്കി. വാദസമരത്തെ നിയമനം ചെയ്യുന്നതിനും അവസാനത്തിൽ വിജയി ആരെന്നറിയിക്കുന്നതിനും ഒരു മദ്ധ്യസ്ഥൻെറ ആവശ്യകത രണ്ടുപേൎക്കും തോന്നിയിരുന്നു.

മണ്ഡനമിശ്രൻ ഒരു ഗൃഹസ്ഥനായിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യ ഉഭയഭാരതി ചെറുപ്പമായിരുന്നു എങ്കിലും വിദ്യയിൽ അദ്ദേഹത്തോടു സമാനയും വിദുഷി എന്നു് എല്ലായിടത്തും പേരു കേട്ടവരുമായിരുന്നു. അത്രമാത്രമല്ല അവരെ ഒഴിച്ചു് ഈ സ്ഥാനം സ്വീകരിക്കുന്നതിന്നു് യോഗ്യതയുള്ളവർ വേറെ ആരും ഉണ്ടായിരുന്നില്ല. അതിനാൽ ഈ സ്ഥാനം കയ്യേൽക്കണമെന്നു് അവരോടപേക്ഷിച്ചു.

ഉഭയഭാരതി ഈ അപേക്ഷയാൽ അല്പം ഒന്നു കുഴങ്ങി. പക്ഷപാതശങ്ക കൊണ്ടല്ല. അതു് ഒട്ടും ഇല്ലായിരുന്നു. പിന്നയോ ഒരു ഭാൎയ്യ ഭൎത്താവിനെതിരായി വിധി കല്പിക്കുന്നതു് ഒട്ടും ഉചിതമായിരുന്നില്ല. അതുപോലെ തന്നെ ഒരു സ്ത്രീക്കു ഒരു സന്ന്യാസിവൎയ്യനെതിരായി തീൎപ്പു ചെയ്യുന്നതും വിഹിതമായിരുന്നില്ല. ഈ ലോകാഭിപ്രായത്തെ ആദരിച്ചുകൊണ്ടു് ഉഭയഭാരതി ഈ സ്ഥാനം ആദ്യം ഉപേക്ഷിച്ചു. എന്നാൽ വേറെ ആളെ കിട്ടായ്കയാൽ ഉഭയഭാരതി ഈ സ്ഥാനം കയ്യേൽക്കേണ്ടിവരികയും എല്ലാം ഈശ്വരശക്തിക്കധീനമെന്നുറച്ചു് ദേവഹിതത്തെ നടത്തുന്നതിനു സന്നദ്ധയാകയും ചെയ്തു.

വാദദിവസം ശിഷ്യസംഘത്താൽ പരിസേവിതരായി രണ്ടു ഗുരുക്കന്മാരും വാദസ്ഥലത്തെത്തി. വാദത്തിനു നിശ്ചയിച്ചിരുന്ന രംഗം വിജനപ്രദേശത്തുള്ള ഒരു തരുച്ഛായയിലായിരുന്നു. പുണ്യഗംഗാജലസേചനം കൊണ്ടു് ആ സ്ഥലം പരിപൂതമാക്കിയിരുന്നു. കുശമേൽ വ്യാഘ്രചൎമ്മം വിരിച്ചിരുന്ന രണ്ടു ഇരിപ്പിടങ്ങൾ തയാർ ചെയ്തിരുന്നു. ആചാൎയ്യന്മാർ അഭിമുഖരായി ആസനസ്ഥരായി. ശിഷ്യസംഘങ്ങൾ അവരുടെ ചുററും ഇരുന്നു. ഒരു ഉപാദ്ധ്യായൻ അവൎക്കും വിധിപൂൎവ്വം പൂജകൾ ചെയ്കയും ധൂപദീപങ്ങൾ ഉഴിയുകയും ചെയ്തു.

ഇത്രയും കഴിഞ്ഞപ്പോൾ മദ്ധ്യസ്ഥയായ സ്ത്രീരത്നം അവിടെ ആഗതയായി. ആ സാദ്ധ്വിയുടെ കയ്യിൽ സൌരഭ്യപൂൎണ്ണങ്ങളും നവങ്ങളുമായ രണ്ടു പൂമാലകൾ ഉണ്ടായിരുന്നു. അവയെ ആചാൎയ്യന്മാരുടെ കണ്ഠത്തിൽ ചാൎത്തി ഇപ്രകാരം അരുൾചെയ്തു.“ ഈ വന്ദ്യനേതാക്കന്മാർ വാദനിയമത്തെ സമാശ്രയിക്കട്ടെ—ദേവകൾ പ്രസാദിച്ചാലും—സത്യം വിജയിക്കും.ഈ വിഷമസംഗതിയിൽ വിധികല്പിക്കുവാൻ ഞാൻ ധൎമ്മരാജാവിനെത്തന്നെ ക്ഷണിക്കുന്നു. വിജയിയുടെ പുഷ്പമാല അതിൻെറ പരിമളവും നൂതനത്വവും ഉപേക്ഷിക്കാതിരിക്കട്ടെ – എന്നാൽ പരാജിതൻെറ പൂമാലവാടി ഉണങ്ങട്ടെ— ഇതായിരിക്കും ജയാപജയങ്ങളെ ഘോഷിക്കുന്ന ചിഹ്നങ്ങൾ. ഇതിനപ്പുറമായി വേറൊരു വിധിയില്ല.”

വാദത്തിനു ക്ഷണിച്ചതു് ശ്രീശങ്കരനായിരുന്നതുകൊണ്ടു് മണ്ഡനമിശ്രനാണു് സംവാദം ആരംഭിക്കേണ്ടിയിരുന്നതു്. തന്റെ സിദ്ധാന്തത്തിന്റെ ലഘുവായ ഒരു വിവരണത്തോടു കൂടി മണ്ഡനമിശ്രൻ തനിക്കുള്ള വാദമുഖങ്ങളെ സംഗ്രഹിച്ചു് സൂത്രരൂപേണ പ്രതിപാദിക്കാൻ തുടങ്ങി. ശങ്കരനും തന്റെ പക്ഷത്തെ സമർത്ഥിക്കുന്ന വാദമുഖങ്ങളെക്കൊണ്ടു് അവയെ എതിർത്തുപോന്നു.

മണ്ഡനഃ—ദേവന്മാരെ യജിക്കുന്നവർ ദേവന്മാരെ പ്രാപിക്കും.

ശങ്കരഃ—ആത്മാവിനെ ഉപാസിക്കുന്നവർ ആത്മാവിനെ പ്രാപിക്കുന്നു.

മണ്ഡനഃ—ദേവന്മാരാണു് സർവ്വശക്തികളും തികഞ്ഞവർ. അവരാണു് സർവ്വാനുഗ്രഹദാതാക്കൾ.

ശങ്കരഃ—ആത്മാവു് ദേവന്മാരേയും അതിക്രമിക്കുന്നു. കാലദേശങ്ങൾക്കതീതമാണു് ആ വസ്തു.

മണ്ഡനഃ— ദേവലോകത്തു് മനുഷ്യർ പരമസുഖത്തെ അനുഭവിക്കുന്നു.

ശങ്കരഃ—അതിലും ലക്ഷംമടങ്ങധികരിച്ചുള്ള സുഖമാണു് ആത്മജ്ഞാനിക്കുള്ളതു്.

മണ്ഡനഃ—യജ്ഞകർമ്മങ്ങൾ മുക്തിയെ പ്രദാനം ചെയ്യുന്നു.

ശങ്കരഃ—പരിമിതമായ കാരണത്തിന്നു് അനന്തകാര്യത്തെ ഉല്പാദിപ്പിക്കുവാൻ അസാദ്ധ്യമാണു്. ആത്മജ്ഞാനം കാര്യകാരണങ്ങൾക്കതീതമാകയാൽ അതിനു മാത്രമെ മുക്തിനല്കുവാൻ സാധിക്കൂ. ഇങ്ങനെ വാദവും എതിർവാദവും തുടരുന്നു—വിഷയം കൂടുതൽക്കൂടുതൽ കാഠിന്യമേറുന്നു—അവരുടെ യുക്തികൾ മാനവബുദ്ധിയുടെ ഉച്ചസോപാനത്തെ ആരോഹണം ചെയ്യുന്നു. ഈശ്വരൻ, ജീവൻ വിശ്വം, ഇവ തമ്മിലുള്ള ബന്ധം, സൃഷ്ടി, മായ, ഇതും ഇതുപോലെയുള്ള അനേക സഹസ്രം പ്രശ്നങ്ങളും ആ തത്വജ്ഞാനികളുടെ ബുദ്ധിവൈഭവത്തിന്റെ പാരമ്യത്തെ പ്രകടിപ്പിക്കുന്നു.

കിടയറ്റു കിടനില്ക്കുന്ന രണ്ടു ഗംഭീരാശയന്മാർ തമ്മിലുള്ള വാദപ്രതിവാദഘോഷം വളരെനേരം നീണ്ടുനില്ക്കുന്നു. ചിലപ്പോൾ മണ്ഡനമിശ്രൻ ജയിക്കും. അപ്പോൾതന്നെ മേഘനിർഘോഷം പോലെ അദ്ദേഹത്തിന്റെ യുക്തിയുടെ അസ്ഥിവാരത്തെപ്പോലും വെട്ടിത്തകർക്കുന്നതായി കാണാം. ജ്ഞാനഖഡ്ഗത്തിന്റെ നിശിതധാരകൊണ്ടു് ഉപാധികങ്ങളായ തത്വങ്ങൾ നിശ്ശേഷം മാറി പിൻവാങ്ങി മഹിമയേറിയ വേദാന്തതത്വം മുന്നണിയിൽ പ്രകാശിക്കുന്നു.

മണ്ഡനമിശ്രന്റെ പുഷ്പമാല്യം വാടിത്തുടങ്ങി. അതിലെ അവസാന പുഷ്പം വാടുന്നതുവരെ ആ പണ്ഡിതവയോവൃദ്ധൻ തന്റെ വാദത്തെ പിൻവലിക്കുന്നില്ല. ശ്രീശങ്കരന്റെ ശിഷ്യസംഘം വിജയ

ധ്വനി മുഴക്കുന്നു. എന്നാൽ ശ്രീശങ്കരൻ അവരുടെ ആഹ്ലാദത്തെ ശാസിച്ചു ശമിപ്പിക്കുന്നു. ശ്രീശങ്കരൻ എഴുന്നേററു് എത്രയും വിനയാദരത്തോടുകൂടി ഉജ്ജ്വലമനസ്സനായ തൻെറ എതിരാളിയുടെ പാദപത്മങ്ങളിൽ വീണു് ധൂളീസ്പർശം ഏൽക്കുന്നു.

"അരുതേ എൻെറ കുഞ്ഞേ" എന്നു്, ശ്രീശങ്കരനെ മണ്ഡനമിശ്രൻ വിലക്കി. "ഞാനാണിതു് ചെയ്യേണ്ടതു്. ഗുരുവിനെ പൂജിക്കേണ്ടതു ശിഷ്യനാണു്. ഈ യുഗത്തെ പരമതത്വദ്രഷ്ടാവിൻെറയും ഋഷിവരിഷ്ഠൻെറയും പാദപത്മങ്ങളിൽ പ്രണമിക്കുന്നതു് എനിക്കൊരഭിമാനമായി ഞാൻ കരുതുന്നു. തമ്മിൽ കാണുന്നതിനിടയായതു് എൻെറ സൌഭാഗ്യാതിരേകംതന്നെ. ഇന്നുമുതൽ അവിടുന്നാണു് എൻെറ ഗുരു. ഈ നിമിഷംതൊട്ടു് അങ്ങയെ അനുഗമിക്കുന്നതിനും അങ്ങയുടെ ശാസനങ്ങളെ ശിരസാവഹിക്കുന്നതിനും ഞാൻ സന്നദ്ധനാണു്. ഈ ആശ്രമവും അതിലുള്ള വിവിധവിഭവങ്ങളും ഗുരുദക്ഷിണയായി അങ്ങയുടെ പാദങ്ങളിൽ ഇതാ സമർപ്പിച്ചുകൊള്ളുന്നു. അവയെ വാത്സല്യപൂർവ്വം അംഗീകരിക്കേണമേ. സിംഹനാദംമുഴങ്ങുമ്പോൾ കുറുനരികളുടെ ഹീക്കാരകോലാഹലം കേവലം ലീനപ്രായമാകുന്നതുപോലെ തന്നെ വേദാന്തതത്വപ്രതിപാദനപ്രപഞ്ചത്തിൽ ഇതരസിദ്ധാന്തങ്ങളും നിർല്ലീനമായിപ്പോകുമെന്നുള്ളതു് എത്രയും പരമാർത്ഥമാണെന്നു് എനിക്കിപ്പോൾ തോന്നിയിരിക്കുന്നു" എന്നിങ്ങിനെ മണ്ഡനമിശ്രൻ അറിയിച്ചു.

വിദ്യാധിഷ്ഠാനദേവതയായ സരസ്വതിയുടെ അവതാരമായിട്ടാണു് ശ്രീമതി ഉഭയഭാരതിയെ ഏവരും ഗണിച്ചുപോരുന്നതു്. മനുഷ്യജന്മം സ്വീകരിച്ചതു് ഈ ഉത്കടമായ വാദപ്രതിവാദസമരത്തിൽ പങ്കെടുത്തു് തൻെറ ഭാഗം ലീലയെ നിർവ്വഹിക്കുന്നതിനായിരുന്നു. ഇതോടുകൂടി ഈ ലോകത്തിലെ തൻെറകൃത്യംഅവസാനിച്ചു. ഇതാ ഒരത്ഭുതസംഭവം കാണാറാകുന്നു.

ആകാശത്തിൽ നിന്നും ഒരു ജ്യോതിസ്സമൂഹം അവതരണം ചെയ്തു ആ ദേവിയെ ആവരണം ചെയ്യുന്നു. ഉടനെ ആ പ്രകാശമണ്ഡലമാസ്സമായ്തന്നെ ആ ദേവി സാവധാനത്തിൽ മേല്പോട്ടേക്കുയരുന്നു, ആ രശ്മിപ്രഭാവമദ്ധ്യത്തിൽ അത്യുച്ച്യകോമള ശരീരിണിയായ സാക്ഷാൽ സരസ്വതീദേവി പ്രത്യക്ഷമാകുന്നു. ഇങ്ങനെ ശ്രീമതി ഉഭയഭാരതി അന്തർദ്ധാനം ചെയ്തു് ദേവാധിവാസമായ സ്വർഗ്ഗത്തെ അഭിഗമിച്ചു.

ശ്രീശങ്കരൻ തൻെറ യാത്ര വീണ്ടും ആരംഭിച്ചു. മണ്ഡനമിശ്രനാകട്ടെ സുരേശ്വരൻ എന്ന നാമത്തോടുകൂടി ശ്രീശങ്കരൻെറ ശിഷ്യസംഘത്തെ അനുഗമിച്ചു. അചിരേണ വേദാന്തവിജ്ഞാനത്തിൻെറ ഒരു സുപ്രസിദ്ധപ്രതിപാദകനെന്ന പ്രശസ്തി സമ്പാദിക്കയും ചെയ്തു.

(തുടരും)

# പുസ്തകാഭിപ്രായം.

മൂകാംബികാപുരാണം. മൂകാംബികാഗ്രന്ഥാവലിയുടെ ഒന്നാം പുസ്തകമായിട്ടാണ് ഈ പുസ്തകം കാണപ്പെടുന്നത്. ശ്രീ കോലാപുര ക്ഷേത്രമഹാത്മ്യം മൂന്നദ്ധ്യായം കൂടിയ മൂകാംബികാപുരാണം കേരളീയരുടെ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിക്കേണ്ടതാണ്. കേരളത്തിൽ അതിനുള്ള സ്ഥാനവിശേഷം കൊണ്ടും ശ്രീശങ്കരാദി യോഗീന്ദ്രന്മാരോട് ബന്ധമുള്ള കുടജാദ്രിയുടെ സന്നികർഷം കൊണ്ടും പുരാണഭക്തന്മാരുടെ സങ്കല്പബലം കൊണ്ടും മൂകാംബിക്ഷേത്രം സർവ്വപാതകഹരവും സർവ്വാർത്ഥ സിദ്ധിപ്രദവും ആകുന്നു. അവിടേയ്ക്കു ഭക്തജനങ്ങളെ ക്ഷണിക്കുന്ന കൂട്ടമത്തു് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പവർകളും ധന്യൻതന്നെയാണ്. ദേവിദർശനാനന്തരം തനിക്ക് സിദ്ധിച്ച അനുഭവവും പ്രസ്താവനയിൽ അദ്ദേഹം വർണ്ണിച്ചിട്ടുണ്ട്. ശാക്തന്മാർക്ക് പ്രത്യേകം ഇഷ്ടമുള്ള ശ്രീചക്രവിതാനവും ഇതിൽ കാണിച്ചിട്ടുണ്ട്.

മഹാസാരമായ ഈ പുരാണചരിത്രം സപത്നമായും ഏകാഗ്രമായും പഠിക്കയോ കേൾക്കയോ ചെയ്യുന്ന മനുഷ്യനു തീർത്ഥയാത്രാഫലവും ലഭിക്കുന്നതാണ്.

ലളിത മധുരങ്ങളായ പദങ്ങൾ സാധാരണ കുറുപ്പവർകൾക്ക് അധീനങ്ങൾ; ആപത് ശാന്തിയും ആനന്ദലബ്ധിയും ഭക്തനായ ഈ കവിക്ക് മൂകാംബികാ ദർശനം കൊണ്ട് ഈ കൃതിക്കു മുമ്പുതന്നെ സംഭവിച്ചിരിക്കുന്നു; സ്കാന്ദപുരാണമാണ് മൂലം. ഞങ്ങൾ ഈ പുസ്തകത്തെ സന്തോഷസമേതം ആദരിക്കുന്നു. കോഴിക്കോട്ട് വിദ്യാവിലാസം ഡബിൾ സൺ റോഡിൽ വിദ്യാവിലാസം പ്രസ്സിൽ അച്ചടിച്ചതു്. വില അണ വൃ. (മേൽവിലാസം.വിദ്യാവിലാസം പ്രസ്സ്. റാബിൻസൺ റോഡ്. കോഴിക്കോട്ട്)

N. S.

ശ്രീഹനുമാൻ. ഗ്രന്ഥകർത്താ. എം. ആർ. മാധവവാര്യർ ബി. എ. എൽ. എൽ. ബി. എഴുപത്തെട്ടു പുറമടങ്ങിയ ഒരു ചെറുപുസ്തകം. (വിലകാണിച്ചിട്ടില്ല) "ഇന്ദ്രിയാതീത ലോകസന്ദേശങ്ങളെ" രേഖപ്പെടുത്തുന്നയന്ത്രം (ഇതു് Planchet, പലകയാണ്) മുഖേന പല ഭൂതങ്ങളേയും വരുത്തി ചോദിച്ച് കിട്ടിയ ഉത്തരങ്ങളിൽനിന്നു വിവരിച്ചിട്ടുള്ള ഒരു രാമായണ രൂപമാണ് ഇതു്. ശ്രീഹനുമാൻ മലയാളികളുടെ ഇഷ്ടദേവതയും പൂജാവിഗ്രഹവുമായിത്തീരേണമെന്ന് ആഗ്രഹിക്കുന്ന ഈ ഗ്രന്ഥകർത്താവിൻെറ ആന്തരമായ സചുരപത്തെ ഞങ്ങൾ ആദരിക്കുന്നു. ശൂർപ്പണഖാഗ്രഹണീയായ മകരിയെ അടിച്ചു കൊന്ന പരമാർത്ഥഭക്തന

ശ്രീഹനുമാൻ തത്ഭക്തന്റെ മനസ്സിൽ പതിഞ്ഞുപോയേക്കാവുന്ന ഇരുളടഞ്ഞ ഛായകളേയും നശിപ്പിക്കുമാറാകട്ടെ! ഇരുട്ടിലും ഛായയിലും ക്രൂരസഞ്ചാരികന്നേശീലം ദുർമ്മന്ത്രവാദതാല്പര്യം പോലെതന്നെ ബുദ്ധിയെ ദുർബലപ്പെടുത്തുമെന്ന് മനസ്സിലാക്കിക്കൊടുക്കേണ്ട കാലമാണിത്. പൌരസ്ത്യാന്ധവിശ്വാസങ്ങളെ ഉടച്ചുകളയേണ്ട ഇക്കാലത്ത് പാശ്ചാത്യാന്ധവിശ്വാസങ്ങളെ പകർത്തി പരത്തുന്ന (ഉദ്ദേശമേതായാലും) ശ്രമത്തിൽ ഞങ്ങൾക്ക് അശേഷം ആദരവില്ല. ഇത് കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽ കിട്ടുന്നതാണ്.

N S.

ജപ്പാൻ (ലോകവിജ്ഞാനഗ്രന്ഥമാലയിലെ ൮-ാം പുസ്തകം. ഗ്രന്ഥകർത്താ ശ്രീമാൻ എം. രാജരാജവർമ്മ രാജ എം. എ. ബി. എൽ. അവർകൾ കൊല്ലം ശ്രീരാമവിലാസം പ്രസ്സിൽ നിന്നു പ്രസിദ്ധീകരിച്ചിരിക്കുന്നു. ക്രൗൺ ൧൩൦ വശം. വില ഇട്ടിട്ടില്ല)

"ബാലാർക്കഭൂമി" എന്ന അന്വർത്ഥനാമത്തോടുകൂടിയ ജപ്പാനിലെ ജനസമുദായ ചരിത്രവും ഭരണസമ്പ്രദായങ്ങളും എല്ലാം ഗ്രഹിക്കുന്നതിന്, അവർ ശക്തിയും പരിഷ്കാരങ്ങളും വാണിജ്യവ്യവസായാഭിവൃദ്ധികളും നേടി ഒരു ഉയർന്ന സ്ഥാനത്തെത്തിയിരിക്കുന്ന ഈ കാലത്തിൽ ബലസ്വാതന്ത്ര്യങ്ങൾ ലഭിക്കുന്നതിന് കഠിനയത്നം ചെയ്യുന്ന ഒരു ജനസമുദായത്തിന് വലിയ താല്പര്യം ഉണ്ടാകുന്നതാണ്. പ്രസ്തുത ഗ്രന്ഥത്തിൽ രണ്ടു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തേതിൽ നാടിനേയും ജനങ്ങളേയും കുറിച്ചു പ്രതിപാദിക്കയും അടുത്തതിൽ രാജ്യചരിത്രസംഗ്രഹം കൊടുക്കയും ചെയ്തിരിക്കുന്നു. കുട്ടികളുടെ സ്വഭാവസംസ്കരണം പ്രയോജനകരമായ വിനോദങ്ങൾ, കൃത്യനിഷ്ഠ, തൊഴിൽ പരിശീലനത്തിനും പുതിയ പുതിയ സംഗതികൾ ഗ്രഹിച്ച് അവയെ പരിഷ്കരിക്കുന്നതിലും ഉള്ള താല്പര്യം, വിനയം, അതിഥിസൽക്കാരപ്രിയം, പരസ്പരബഹുമാനം, ഉജ്ജ്വലത്തായ രാജഭക്തി, മുതലായവ ആദരണീയങ്ങളും പാത്രം അനുകരണീയങ്ങളുമാണ്. അവരുടെ 'ബുഷിഡോ' എന്നു പേരുള്ള ധർമ്മശാസ്ത്രഗ്രന്ഥത്തിലെ പ്രധാന ഉപദേശങ്ങൾ ഇവിടെ കുറിയ്ക്കാം. (൧) കൃത്യനിഷ്ഠ. (൨) മേലാവിലുള്ളവരോടും കീഴിലുള്ളവരോടും, ക്രമം, സ്നേഹവും, (൩) നടപടികളിലുള്ള മര്യാദയും അഭിമാനവും, (൪) അകൃത്യത്തിലുള്ള വെറുപ്പ്, (൫) വിപദിധൈര്യവും ദാക്ഷിണ്യവും, (൬) സത്യനിഷ്ഠ, (൭) സാത്വികജീവിതം, (൮) ആത്മാഭിമാനം. ഇവയുടെ പരിപാലനമത്രെ അവരുടെ അഭിവൃദ്ധിക്കുള്ള പ്രധാന ഹേതു. ജപ്പാനിൽ പോയി അവിടെയുള്ള അനേക സംഗതികൾ നമ്മുടെ നാട്ടുകാർ കണ്ടു തന്നെ പഠിക്കേണ്ടതായിട്ടുണ്ട് എന്ന് ശ്രീമത് വിവേകാനന്ദസ്വാമികൾ ഒരിക്കൽ പറഞ്ഞിട്ടു

ളളതു കൂടി ഇപ്പോൾ ഓർമ്മിക്കുന്നു. നല്ല മേനിക്കടലാസ്. അച്ചടിയും ബയന്റും വളരെ മനോഹരമായിരിക്കുന്നു.

൧൧൦൫-ലെ കലണ്ടർ. സനാതനധർമ്മം പ്രസ്സുകാർ മനോഹരമായി തയാർ ചെയ്തിട്ടുള്ള ൧൦൫-ലെ കലണ്ടർ അയച്ചു തന്നതു് നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

മന്ത്രശക്തി അയച്ചു തന്നതു് കൈപ്പററി നന്ദി പറഞ്ഞുകൊള്ളുന്നു. അഭിപ്രായം അടുത്തതിൽ.